VOL NO: 09
ISSUE 03
2025 JANUARY 18
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ നിരീശ്വരന്മാരുടെ ദൈവവും ഇസ്‌ലാമും

# പെണ്ണുടൽ ചർച്ചയിലെ നേരും തെറിയും



പെണ്ണുടലുകളുടെ വസ്തുവൽകരണവും ചരക്കുവൽകരണവും ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. സ്ത്രീ പീഡനത്തിന്റെ 'വാമൊഴി വഴക്കുകളാ'ണിപ്പോൾ മീഡിയയിലും കോടതിയിലും. നേരും നെറിയും നഷ്ടപ്പെട്ട ആൾക്കൂട്ടത്തിന് തെറിയുടെ മേമ്പൊടി നൽകിയതിലെ ദുഷ്ടലാക്കെന്ത്? ആരാണതിന്റെ ഗുണഭോക്താക്കൾ?

**അല്ലാഹുവിന് പുറമെ ആരാധ്യന്മാരുണ്ടെങ്കിൽ!**

**സംസാരം നന്നാക്കുക; സ്രഷ്ടാവിന്റെ പ്രീതി നേടുക**

**അശ്അരികൾ അഹ്‌ലുസ്സുന്നക്ക് അകത്തോ പുറത്തോ?**




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

# 0417 നേർപഥം

വാരിക

2025 ജനുവരി 18
1446 റജബ് 18
പുസ്തകം 09 / ലക്കം 03






Managing Editor: **Nasir Balusseri**
Editor: **Usman Palakkazhi**
Chief Editor: **Anil Primrose**

Cover: **Anil**
Design & Layout: **Musthafa Mannarottil**
Web Editor: **Haseeb Elayur**

Printed, published & owned by: **K. Sajjad**
Printed at : **Sprint Offset Printers, Kozhikode**
Published at : **Kozhikode - 673 002**





ഡോ. അബ്ദുല്ലാ ബാസിൽ സിപി

പെണ്ണുടലുകളുടെ വസ്തുവൽകരണവും ചരക്കുവൽകരണവും ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. സ്ത്രീ പീഡനത്തിന്റെ 'വാമൊഴി വഴക്കുകളാ'ണിപ്പോൾ മീഡിയയിലും കോടതിയിലും. നേരും നെറിയും നഷ്ടപ്പെട്ട ആൾക്കൂട്ടത്തിന് തെറിയുടെ മേമ്പൊടി നൽകിയതിലെ ദുഷ്ടലാക്കെന്ത്? ആരാണതിന്റെ ഗുണഭോക്താക്കൾ?


**05** മുഖമൊഴി
കൈക്കൂലി ഒരു കൂലിയോ?

**06** വിമർശനം
അല്ലാഹുവിന് പുറമെ ആരാധ്യന്മാരുണ്ടെങ്കിൽ!
യാസീൻ അൽഹികമി

**15** പ്രഭാഷണം
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ: കർമവീഥിയിൽ തളരാതെ മുന്നോട്ട്
ടി.കെ അശ്‌റഫ്

**18** പഠനം
മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം
അബൂറാഷിദ അൽകാസിമി

**21** ലേഖനം
സംസാരം നന്നാക്കുക; സ്രഷ്ടാവിന്റെ പ്രീതി നേടുക
ഹന്ന മുഹമ്മദ്

**24** ബാലപഥം
മുൻകോപത്തിന്റെ അനന്തരഫലം
റാഷിദ ബിൻത് ഉസ്മാൻ

**26** വീക്ഷണം
നിരീശ്വരന്മാരുടെ ദൈവവും ഇസ്‌ലാമും
റോഷൻ പുനലൂർ

**29** ലേഖനം
അശ്അരികൾ അഹ്‌ലുസ്സുന്നക്ക് അകത്തോ പുറത്തോ?
മുഹമ്മദ് ജാസിൽ ജാഫർ

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്‌മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** ജാമിഅ അൽഹിന്ദ് വാർഷിക സമ്മേളനത്തിന് പ്രൗഢമായ സമാപനം



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ജാമിഅ അൽഹിന്ദ് മാതൃകാ സ്ഥാപനമായി വളരുന്നതിൽ സന്തോഷം: പി. കെ കുഞ്ഞാലിക്കുട്ടി

മലപ്പുറം: വർത്തമാന കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പ്രബോധന, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പുതുതലമുറയുടെ ഹൃദയത്തിൽ യഥാർഥ വിശ്വാസം വേരുറക്കണമെങ്കിൽ ശാസ്ത്രീയമായും പ്രാമാണികമായും കാര്യകാരണ സഹിതവുമുള്ള അറിവ് പകർന്നുകൊടുക്കണം. വായിക്കാനും പഠിക്കാനും അങ്ങനെ അല്ലാഹുവിനെക്കുറിച്ച് മനസ്സിലാക്കാനുമാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്.

മത-ഭൗതിക വിദ്യാഭ്യാസം നൽകിക്കൊണ്ട് ധാർമികബോധമുള്ള പുതുതലമുറയെ വാർത്തെടുക്കുക എന്നത് ചെറിയ കാര്യമല്ല. അതാണ് ജാമിഅ അൽഹിന്ദ് ചെയ്യുകൊണ്ടിരിക്കുന്നത്. മുമ്പും ഞാൻ ഈ സ്ഥാപനത്തിൽ വന്നിട്ടുണ്ട്. ഇവിടുത്തെ സിലബസുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തിട്ടുണ്ട്.

സമൂഹത്തിൽ ഏറെ കൊള്ളരുതായ്മകൾ നിലനിൽക്കുന്നുണ്ട്. പുതുതലമുറ അതിൽനിന്നൊക്കെ വിട്ടുനിൽക്കാൻ യുക്തിപൂർവമുള്ള പ്രബോധനവും ശരിയായ അറിവു നൽകലും ആവശ്യമാണ്. മരണാനന്തര ജീവിതത്തിലുള്ള ആത്മാർഥമായ വിശ്വാസം മനസ്സിൽ ഊട്ടിയുറപ്പിച്ചാലേ കാര്യമുള്ളൂ. അതിനു വേണ്ടിയുള്ള യുക്തിഭദ്രമായ പ്രവർത്തനങ്ങൾ വിസ്ഡം ചെയ്യുന്നു എന്നത് വലിയ സാമൂഹ്യ സേവനമാണ്. അതിന് ഞങ്ങളെ പോലുള്ളവരുടെ പിന്തുണ എപ്പോഴുമുണ്ടാകും.

ഇന്ന് രാജ്യത്തെ സാഹചര്യം അത്ര നല്ലതല്ല. വർഗീയതയും വിഭാഗീയതയും ഉണ്ടാക്കുവാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇസ്‌ലാമോഫോബിയയെ വളർത്തുകയാണ്. രാഷ്ട്രീയ ലക്ഷ്യമാണ് ഇതിനു പിന്നിൽ. അതുകൊണ്ടുതന്നെ അത് ഏറ്റവും അപകടകരമാണ്. അതിനിടയിലാണ് ഈ പ്രവർത്തനങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുന്നത്. ഏതു സമയത്തും അതിനൊക്കെ പൂട്ടു വീണേക്കാം. അതുകൊണ്ടാണ് മതേതരത്വത്തെക്കുറിച്ച് ഞങ്ങൾ ഏറെ പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് ഏറെ ശ്രമകരമാണ്. മതനിരപേക്ഷതയുടെ നിനിൽപിനായുള്ള പ്രവർത്തനങ്ങളും നമ്മൾ ചെയ്യുകൊണ്ടിരിക്കണം. ഏകാധിപത്യം ഒരു പ്രവർത്തനവും നടത്താൻ അനുവദിക്കില്ല.

*(ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ സ്ഥാപനങ്ങളുടെ വാർഷിക സമ്മേളനത്തിൽ പി.കെ കുഞ്ഞാലിക്കുട്ടി നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹം).*

# സ്കൂൾ ഓഫ് ക്വുർആൻ പത്താം വാർഷികത്തിന് പ്രൗഢമായ സമാപനം

പാണക്കാട്: ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ക്വുർആൻ പത്താം വാർഷിക സമ്മേളനം പാണക്കാട് ലേഡീസ് ക്യാമ്പസിൽ സമാപിച്ചു.

സമ്പ്രദായിക മത വിദ്യാഭ്യാസ സംവിധാനങ്ങളിൽ നവീന ആശയങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള പഠന സംവിധാനമായ സ്കൂൾ ഓഫ് ക്വുർആൻ പ്രവർത്തന പാതയിൽ വിജയകരമായി പത്ത് വർഷം പിന്നിട്ട സാഹചര്യത്തിൽ, സ്കൂൾ ഓഫ് ക്വുർആൻ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമ്മേളനം, പൂർവ വിദ്യാർഥി സംഗമം, വിദ്യാർഥി സമ്മേളനം, പ്രതിഭാ സംഗമം, തമിഴ് സെഷൻ, റസിഡൻഷ്യൽ ക്യാമ്പസിലെ വിദ്യാർഥികൾ ചേർന്നൊരുക്കിയ ക്വുർആൻ എക്സിബിഷൻ എന്നീ വൈവിധ്യമാർന്ന സെഷനുകളോടെ സംഘടിപ്പിച്ചു.

പൊതുസമ്മേളനം ജാമിഅ ബനാറസ് ജനറൽ സെക്രട്ടറി ശൈഖ് അബ്ദുല്ല സഊദ് ബിൻ അബ്ദുൽ വഹീദ് സലഫി നിർവഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഭാരവാഹികളായ പി എൻ അബ്ദുല്ലത്തീഫ് മദനി, കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, ടി കെ അശ്റഫ്, ഫൈസൽ മൗലവി, കെ സജ്ജാദ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# കൈക്കൂലി ഒരു കൂലിയോ?

മനുഷ്യൻ പൊതുവെ ധനത്തോട് ആർത്തിയുള്ളവനാണ്. ജീവിക്കുവാൻ അത് അനിവാര്യമാണ് എന്നതു തന്നെ അതിനു കാരണം. വർത്തമാന കാലത്ത് ഒരു ഇടത്തരം കുടുംബത്തിന്റെ ദൈനംദിന ചെലവ് വരുമാനത്തെക്കാൾ അധികമാണെന്നു പറയാവുന്നത്ര വർധിച്ചിരിക്കുന്നു. നിത്യോപയോഗ സാധനങ്ങൾക്കും അത്യാവശ്യ വസ്തുക്കൾക്കും അടിക്കടി വില വർധിക്കുകയാണ്. അത് ശ്രദ്ധിക്കാൻ അധികാരികൾക്ക് നേരമില്ല. അരിക്കും പഞ്ചസാരക്കും ചായപ്പൊടിക്കും പച്ചക്കറികൾക്കുമൊക്കെ വില വർധിക്കുന്നതിന്റെ പേരിൽ ആരും സമരം നടത്താറുമില്ല. അതുകൊണ്ട് വിലവർധനവ് നിർബാധം നടന്നുകൊണ്ടിരിക്കുന്നു. ആളുകൾ അത് സഹിക്കുന്നു. കടം വാങ്ങിയിട്ടാണെങ്കിലും ജീവിക്കണമല്ലോ.

ഇപ്പറഞ്ഞത് കൂലിപ്പണിക്കാരും ചെറുകിട കച്ചവടക്കാരും ചെറിയ ശംബളത്തിനും ദിവസക്കൂലിക്കുമൊക്കെ ജോലി ചെയ്യുന്ന സാധാരണക്കാരുമടങ്ങിയവരുടെ കാര്യമാണ്. എന്നാൽ ആറക്ക തുകയോ അതിനടുത്ത തുകയോ ശമ്പളമായി ലഭിക്കുന്നവർക്ക് ഇപ്പറഞ്ഞ ബുദ്ധിമുട്ടുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. കനപ്പെട്ട തുക മാസാമാസം ശമ്പളം ലഭിച്ചിട്ടും അത്യാർത്തിപൂണ്ട് കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥർ നമ്മുടെ നാട്ടിൽ ഏറെയുണ്ട്. അപൂർവം ചിലരെ വിജിലൻസ് പിടികൂടാറുണ്ട്.

കൈക്കൂലിക്കാരെ പിടികൂടാൻ അധികാരമുള്ള വിജിലൻസ് ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങിയതിന് അറസ്റ്റിലായ സംഭവവും നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്! വില്ലേജാഫീസിൽനിന്നും വരുമാന സർട്ടിഫിക്കറ്റ് സമയത്തിനു കിട്ടണമെങ്കിൽ കൈമടക്കു കൊടുക്കേണ്ട ഗതികേട് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അല്ലെങ്കിൽ പലതവണ നടത്തിക്കും. കൂലിപ്പണി മുടക്കിയിട്ടായിരിക്കും പാവങ്ങൾ ഉദ്യോഗസ്ഥന്റെ ദാക്ഷിണ്യം തേടി ആവർത്തിച്ച് ചെല്ലുന്നത്.

ഇന്നത്തെ (ജനുവരി 14) പത്രത്തിൽ വാളയാർ ചെക്ക് പോസ്റ്റിലും മറ്റു ചില ചെക്ക് പോസ്റ്റുകളിലും നടന്ന റെയ്ഡിൽ കൈക്കൂലിത്തുക പിടികൂടിയതിന്റെ വാർത്ത കാണാനിടയായി. വാളയാർ ചെക്ക് പോസ്റ്റ്, ഉദ്യോഗസ്ഥരുടെ സ്വപ്ന ഭൂമിയാണ്. അവിടേക്ക് സ്ഥലം മാറ്റം കിട്ടാൻ ഉന്നതർക്ക് ലക്ഷങ്ങൾ കൈക്കൂലി കൊടുക്കാൻ തയ്യാറുള്ള ഉദ്യോഗസ്ഥരുണ്ടെന്നത് പരസ്യമായ രഹസ്യമാണ്. ആഴ്ചകൾക്കകം ചെലവാക്കിയതും ലാഭവും കൈയിൽ വരും എന്നതുതന്നെ കാരണം.

വാർത്ത ഇങ്ങനെയാണ്: "ശനിയാഴ്ച പുലർച്ചെ നടന്ന റെയ്ഡിൽ ഒന്നര ലക്ഷം രൂപയോളം കൈക്കൂലി പിടികൂടിയ ആർടിഒ ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് വീണ്ടും നടത്തിയ മിന്നൽപരിശോധനയിൽ ഇന്നലെ 1,77,490 രൂപ പിടികൂടി. വാളയാർ ഇൻ, വാളയാർ ഔട്ട്, ഗോപാലപുരം, നടുപ്പുണി. ഗോവിന്ദാപുരം തുടങ്ങി 5 ചെക്ക് പോസ്റ്റുകളിലാണ് 48 മണിക്കൂർ ഇടവേളയിൽ വീണ്ടും കൈക്കൂലിപ്പണം പിടികൂടിയത്. വെള്ളിയാഴ്ച രാത്രി തുടങ്ങി ശനിയാഴ്ച പുലർച്ചവരെ നടത്തിയ റെയ്ഡിന്റെ അടിസ്ഥാനത്തിൽ 13 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്കു ശുപാർശ ചെയ്തിരിക്കെയാണ് ഉദ്യോഗസ്ഥർ വീണ്ടും കൈക്കൂലി വാങ്ങിയത്.

ഞായറാഴ്ച രാത്രി പത്തു മുതൽ ഇന്നലെ പുലർച്ചെ മൂന്നു വരെ നടത്തിയ പരിശോധനയിൽ വാളയാർ ഇൻ ചെക്ക് പോസ്റ്റിൽ നിന്ന് 1,27,490 രൂപയും ഔട്ട് ചെക്പോസ്റ്റിൽനിന്ന് 10,500 രൂപയും വിജിലൻസ് കണ്ടെടുത്തു. ഗോപാലപുരത്തുനിന്ന് 21,110 രൂപ, ഗോവിന്ദാപുരത്തുനിന്ന് 10,550 രൂപ, നടുപ്പുണിയിൽനിന്ന് 7840 രൂപ എന്നിങ്ങനെയും പിടികൂടി."

നിത്യവൃത്തിക്ക് വകയില്ലാത്തതിനാൽ കൈനീട്ടി വാങ്ങുന്നവരല്ല ഈ ഉദ്യോഗസ്ഥന്മാർ. എത്ര കിട്ടിയാലും മതിവരാത്തതിനാൽ ചെയ്യുന്നതാണ്. അച്ചടക്ക നടപടിയെ ആരു പേടിക്കാൻ! എങ്ങോട്ടെങ്കിലും സ്ഥലം മാറ്റും. കുറച്ചു കഴിഞ്ഞാൽ വർധിത വീര്യത്തോടെ തിരിച്ചെത്തും. ചെക്ക് പോസ്റ്റുകളിലും വില്ലേജ് ഓഫീസുകളിലും ഒതുങ്ങുന്നതല്ല ഈ കൈമടക്കു വാങ്ങൽ. ശമ്പളം എത്ര കിട്ടിയാലും 'കിമ്പളം' കിട്ടിയാൽ മാത്രം ഉത്തരവാദിത്തം നിറവേറ്റുന്നവരെ താൽക്കാലികമായ അച്ചടക്ക നടപടിക്കു വിധേയമാക്കുകയല്ല വേണ്ടത്, ജോലിയിൽനിന്നു തന്നെ പിരിച്ചുവിടുകയാണ്. ■

യാസീൻ അൽഹികമി
: 92072 14689



# അല്ലാഹുവിന് പുറമെ ആരാധ്യന്മാരുണ്ടെങ്കിൽ!

ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു എന്നത് ക്വുർആനിന്റെ പ്രസ്താവനയാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിലുള്ള സകല സൃഷ്ടികളുടെയും നിലനിൽപ്പ് ഏകനായ സ്രഷ്ടാവിനെ ആശ്രയിച്ചാണ്. അല്ലാഹുവിന് പുറമെ മറ്റു ദൈവങ്ങൾ പ്രപഞ്ചത്തിൽ ഉണ്ടായിരുന്നെങ്കിൽ അല്ലാഹു യഥാർഥ ആരാധ്യനാകുമായിരുന്നില്ല. കാരണം, പങ്കുകാരോ പേരൊത്തവനോ തുല്യനോ ഇല്ലാത്തവനാണ് യഥാർഥ ആരാധ്യൻ. എല്ലാം അടക്കി ഭരിക്കുന്ന ഒരുവനായ രക്ഷിതാവിങ്കൽനിന്ന് മാത്രമാണ് അവയെല്ലാം ഉണ്ടായിട്ടുള്ളത്. അതിന്റെയെല്ലാം ഉൽഭവം തുല്യരായ വേറെയും രക്ഷിതാക്കളിൽനിന്ന് ആയിത്തീരുക എന്നത് അസംഭവ്യമാണ്.

ആകാശഭൂമികളിൽ നടക്കുന്ന എല്ലാ പ്രകൃതി പ്രതിഭാസങ്ങളും അവയുടെ രക്ഷിതാവിന്റെ നിയമമനുസരിച്ചാണ്. എല്ലാ കാര്യങ്ങൾക്കും അല്ലാഹു മലക്കുകളെ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ അടിമയുടെയും കർമങ്ങൾ രേഖപ്പെടുത്തുവാനും

സുരക്ഷയ്ക്കും ആത്മാവിനെ പിടിക്കാനും കൊണ്ടുപോകുവാനും സ്വർഗ്ഗമോ നരകമോ ആയ നിശ്ചയിക്കപ്പെട്ട സ്ഥാനത്തേക്ക് ഓരോ ആത്മാവിനെയും ഖബ്റിൽ ചോദ്യം ചെയ്യുവാനും നരകത്തിൽ ശിക്ഷിക്കുവാനും സ്വർഗത്തിൽ ആസ്വദിപ്പിക്കുവാനും ചുമതല ഏൽപിക്കപ്പെട്ട മലക്കുകളുണ്ട്. മേഘങ്ങളെ നയിച്ചുകൊണ്ടുപോകുവാനും അല്ലാഹുവിന്റെ കൽപന പ്രകാരം അവൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മഴ വർഷിപ്പിക്കാനും പർവതങ്ങളുടെ കാര്യത്തിലും തുടങ്ങി എല്ലാറ്റിനും അല്ലാഹു അവന്റെ മലക്കുകളെ ഏർപ്പാട് ചെയ്തിട്ടുണ്ട്. വിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും ഒരുപാട് വചനങ്ങളിൽ ഇത് സ്ഥിരപ്പെട്ടതാണ്. അല്ലാഹുവിന്റെ സൈന്യങ്ങളിൽ ഏറ്റവും മഹത്തായ സൈന്യം അവന്റെ മലക്കുകളാണ്. അല്ലാഹുവിന്റെ കൽപനയും അനുമതിയും പ്രകാരം കാര്യങ്ങളെ അവർ നിയന്ത്രിക്കുകയും പരസ്പരം വിഭജിക്കുകയും ചെയ്യുന്നു.

അല്ലാഹു പറഞ്ഞു: "(നബിയോട് ജിബ്‌രീൽ പറഞ്ഞു:) താങ്കളുടെ രക്ഷിതാവിന്റെ കൽപനപ്രകാരമല്ലാതെ നാം ഇറങ്ങിവരുന്നതല്ല. നമ്മുടെ മുമ്പിലുള്ളതും നമ്മുടെ പിന്നിലുള്ളതും അതിന്നിടയിലുള്ളതും എല്ലാം അവന്റേതത്രെ. താങ്കളുടെ രക്ഷിതാവ് മറക്കുന്നവനായിട്ടില്ല" (മറ്‌യം 64).

അല്ലാഹുവിന്റെ കൽപനകൾ നടപ്പിലാക്കുന്ന പലവിഭാഗം മലക്കുകളെകൊണ്ടും അല്ലാഹു ക്വുർആനിൽ സത്യം ചെയ്ത് പറഞ്ഞിട്ടുണ്ട്:

"ശരിക്ക് അണിനിരന്നു നിൽക്കുന്നവരും എന്നിട്ട് ശക്തിയായി തടയുന്നവരും എന്നിട്ട് കീർത്തനം ചൊല്ലുന്നവരുമായവരെ (മലക്കുകളെ) തന്നെയാണ സത്യം" (അസ്സ്വാഫാത്ത് 1-3).

"തുടരെത്തുടരെ അയക്കപ്പെടുന്നവ തന്നെ സത്യം. ശക്തിയായി ആഞ്ഞടിക്കുന്നവ തന്നെ സത്യം. പരക്കെ വ്യാപിപ്പിക്കുന്നവയും തന്നെ സത്യം. വേർതിരിച്ചു വിവേചനം ചെയ്യുന്നവ (തന്നെ സത്യം). (അല്ലാഹുവിന്റെ) സന്ദേശം ഇട്ടുകൊടുക്കുന്നവയുമായിട്ടുള്ളവ (തന്നെ സത്യം;) ഒരു ഒഴികഴിവായിക്കൊണ്ടോ താക്കീതായിക്കൊണ്ടോ (സന്ദേശം ഇട്ടുകൊടുക്കുന്നവ)" (അൽമുർസലാത്ത് 1-6).

"(അവിശ്വാസികളിലേക്ക്) ഇറങ്ങിച്ചെന്ന് (അവരുടെ ആത്മാവുകളെ) ഊരിയെടുക്കുന്നവ തന്നെയാണ സത്യം. (സത്യവിശ്വാസികളുടെ ആത്മാവുകളെ) സൗമ്യതയോടെ പുറത്തെടുക്കുന്നവ തന്നെയാണ സത്യം. ഊക്കോടെ ഒഴുകി വരുന്നവ തന്നെയാണ, സത്യം. എന്നിട്ടു മുന്നോട്ടു കുതിച്ചു പോകുന്നവ തന്നെയാണ, സത്യം. കാര്യം നിയന്ത്രിക്കുന്നവയും തന്നെയാണ, സത്യം" (അന്നാസിആത് 1-5).

> പ്രപഞ്ചത്തിലുള്ള സകല പ്രതിഭാസങ്ങളും മലക്കുകളുടെയും പ്രപഞ്ചത്തിലെ പ്രസ്തുത സൃഷ്ടികളുടെയും അല്ലാഹുവിനുള്ള ആരാധനയുടെയും അനുസരണത്തിന്റെയും ഭാഗമായി സംഭവിക്കുന്നതാണെന്ന് വ്യക്തം. എല്ലാ സൃഷ്ടിജാലങ്ങളും സ്രഷ്ടാവിനെ പരിശുദ്ധിപ്പെടുത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നുവെന്ന് പറയുന്നത് അല്ലാഹുവാണ്:

അപ്പോൾ, പ്രപഞ്ചത്തിലുള്ള സകല പ്രതിഭാസങ്ങളും മലക്കുകളുടെയും പ്രപഞ്ചത്തിലെ പ്രസ്തുത സൃഷ്ടികളുടെയും അല്ലാഹുവിനുള്ള ആരാധനയുടെയും അനുസരണത്തിന്റെയും ഭാഗമായി സംഭവിക്കുന്നതാണെന്ന് വ്യക്തം. എല്ലാ സൃഷ്ടിജാലങ്ങളും സ്രഷ്ടാവിനെ പരിശുദ്ധിപ്പെടുത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നുവെന്ന് പറയുന്നത് അല്ലാഹുവാണ്:

"ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ

പ്രകീർത്തിക്കുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട് (അവന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷേ, അവരുടെ കീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു" (അൽഇസ്റാഅ് 44).

"അല്ലാഹുവിന്നാണ് ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം പ്രണാമം ചെയ്തുകൊണ്ടിരിക്കു ന്നത്; സ്വമനസ്സോടെയും നിർബന്ധിതരായിട്ടും. പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും അവരുടെ നിഴലുക ളും (അവന്ന് പ്രണാമം ചെയ്യുന്നു)" (അർറഅ്ദ് 15).

"അതിനു പുറമെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ അനുസരണപൂർവമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു" (ഫുസ്സിലത് 11).

എല്ലാം ചലിക്കുന്നത് അല്ലാഹുവിന് കീഴ്പെട്ടുകൊണ്ടാണ്. അല്ലാഹുവിനെ കൂടാതെ മറ്റൊരു ദൈവം ഉണ്ടായിരുന്നെങ്കിൽ ആരുടെ കൽപനയാണ് അവ അനുസരിക്കുക? അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്: "അവയിൽ (ആകാശഭൂമികളിൽ) അല്ലാഹു അല്ലാതെ ആരാധ്യന്മാർ ഉണ്ടായിരുന്നെങ്കിൽ അവ തകരാറിലാകുമായിരുന്നു" (അൽഅൻബിയാഅ്: 22).

രണ്ടോ അതിലധികമോ ആരാധ്യന്മാർ ഉണ്ടായിരുന്നെങ്കിൽ പ്രപഞ്ചത്തിന്റെ എല്ലാ ഘടനയും തകരാറിലാകുമായിരുന്നു. ഓരോ ആരാധ്യനും മറ്റു ആരാധ്യരെ തോൽപിക്കുവാനും അടിച്ചമർത്തുവാനും പരിശ്രമിക്കും. സൃഷ്ടികളുടെ ആരാധനകൾ തനിക്ക് മാത്രം പരിമിതപ്പെടുവാൻ ആഗ്രഹിക്കും. അപ്പോൾ എന്താണ് സംഭവിക്കുക?

പങ്കുകാരനുണ്ടാവുക എന്നത് ആരാധ്യത



എന്ന വിശേഷണത്തിന്റെ പരിപൂർണതക്ക് പോരായ്മയാണ്. ആരാധ്യൻ ഒരിക്കലും പോരായ്മയുള്ളവനായി നിലനിൽക്കുന്നതിനെ തൃപ്തിപ്പെടുകയില്ല. ഒരു ആരാധ്യൻ മറ്റു ആരാധ്യനെ പരാജയപ്പെടുത്തിയാൽ പരാജയപ്പെടുത്തിയവൻ മാത്രമാണ് യഥാർഥത്തിൽ ആരാധ്യൻ, പരാജയപ്പെടുത്തപ്പെട്ടവൻ ആരാധ്യനല്ല. അതിൽ രണ്ട് ആരാധ്യന്മാർക്കും അപരനെ പരാജയപ്പെടുത്താൻ കഴിയാതെ വന്നാൽ രണ്ട് ആരാധ്യന്മാരും അശക്തരായിത്തീരുന്നു. അപ്പോൾ അവരിരുവരും പരിപൂർണമായ ആരാധ്യത എന്ന വിശേഷണത്തിന് അർഹരല്ലാതെ വരുന്നു. അങ്ങനെയെങ്കിൽ, അവർക്കു മീതെ അവരെയെല്ലാം അടക്കി ഭരിക്കുന്ന, അവരുടെ മേലും വിധികർത്താ വായ ഒരു ആരാധ്യൻ ഉണ്ടാകൽ നിർബന്ധമായി. അല്ലെങ്കിൽ അവർ രണ്ടുപേരും അവർ സൃഷ്ടിച്ചതുമായി വേറിട്ടുപോകും. അതുമല്ലെങ്കിൽ അവർ രണ്ടുപേരും അപരന്റെ മേൽ ഔന്നിത്യം ചെലുത്തുവാൻ ശ്രമിക്കും. ഈ രണ്ടിൽ ഏത് സംഭവിച്ചാലും അതിലൂടെ ആകാശഭൂമികളും അതിലുള്ളതും എല്ലാം തകരാറിലാകും. ഒരേ നാട്ടിൽ തുല്യശക്തിയും തുല്യ അധികാരവുമുള്ള

> എല്ലാം ചലിക്കുന്നത് അല്ലാഹുവിന് കീഴ്പെട്ടുകൊണ്ടാണ്. അല്ലാഹുവിനെ കൂടാതെ മറ്റൊരു ദൈവം ഉണ്ടായിരുന്നെങ്കിൽ ആരുടെ കൽപനയാണ് അവ അനുസരിക്കുക? രണ്ടോ അതിലധികമോ ആരാധ്യന്മാർ ഉണ്ടായിരുന്നെങ്കിൽ പ്രപഞ്ചത്തിന്റെ എല്ലാ ഘടനയും തകരാറിലാകുമായിരുന്നു. ഓരോ ആരാധ്യനും മറ്റു ആരാധ്യരെ തോൽപിക്കുവാനും അടിച്ചമർത്തുവാനും പരിശ്രമിക്കും. സൃഷ്ടികളുടെ ആരാധനകൾ തനിക്ക് മാത്രം പരിമിതപ്പെടുവാൻ ആഗ്രഹിക്കും. അപ്പോൾ എന്താണ് സംഭവിക്കുക? പങ്കുകാരനുണ്ടാവുക എന്നത് ആരാധ്യത എന്ന വിശേഷണത്തിന്റെ പരിപൂർണതക്ക് പോരായ്മയാണ്.

രണ്ടു രാജാക്കന്മാർ ഉണ്ടായാൽ ആ നാട് തകരാറാകുമെന്നത് വ്യക്തമാണല്ലോ. ഒരു ഭാര്യക്ക് രണ്ടു ഭർത്താക്കന്മാർ ഉണ്ടെങ്കിൽ എന്തായിരിക്കും അവസ്ഥ!

ആകാശഭൂമികളുടെ ശരിയായ നിലനിൽപും ഈ സൃഷ്ടിപ്രപഞ്ചം മുഴുവൻ ഏറ്റവും പരിപൂർണമായ ഘടനയിൽ പ്രവർത്തിക്കുന്നതും ഒരുവനായ, ഒരു പങ്കുകാരും ഇല്ലാത്ത അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ എന്നതിന് ഏറ്റവും വ്യക്തമായ തെളിവാകുന്നു. അവനാകുന്നു എല്ലാത്തിന്റെയും രാജാധികാരം. അവന്നു മാത്രമാകുന്നു സ്തുതികൾക്ക് അർഹത. അവനാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും.

അവനല്ലാതെ ആരാധിക്കപ്പെടുന്നവയെല്ലാം നിരർഥകമാണ്. അല്ലാഹു പറഞ്ഞു: "അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ആരാധനക്കർഹനുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ! അവൻ അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു. അതിനാൽ അവൻ അവർ പങ്കുചേർക്കുന്നതിനെക്കാളെല്ലാം ഉന്നതനായിരിക്കുന്നു"
(അൽമുഅ്മിനൂൻ:91,92).

യഥാർഥ ആരാധ്യൻ കഴിവുറ്റ സ്രഷ്ടാവായിരിക്കൽ നിർബന്ധമാണ്. ആരാധിക്കുന്നവർക്ക് ഉപകാരം ചെയ്തുകൊടുക്കുവാനും ഉപദ്രവങ്ങൾ തടുക്കുവാനും കഴിവുള്ളവനായിരിക്കണം. അല്ലാഹുവിന്റെ കൂടെ മറ്റൊരു ആരാധ്യൻ ഉണ്ടെങ്കിൽ, പ്രസ്തുത ആരാധ്യനും സൃഷ്ടിക്കുവാൻ കഴിവുണ്ടാകണം. അങ്ങനെ വന്നാൽ, ഒരു ആരാധ്യൻ മറ്റൊരു ആരാധ്യന് തന്റെ കൂടെ പങ്കുണ്ടാകുന്നതിനെ തൃപ്തിപ്പെടില്ല. അപരനെ പരാജയപ്പെടുത്തി ഏകനായ ആരാധ്യനായി നിലകൊള്ളുവാൻ സാധിക്കുമെങ്കിൽ അത് ചെയ്യും. അതിന് സാധിക്കില്ലെങ്കിൽ ആ ആരാധ്യൻ താനല്ലാത്ത ആരാധ്യനെ വെടിഞ്ഞുകൊണ്ട് സ്വന്തം സൃഷ്ടിപ്പുമായി വേറിട്ട് നിലകൊള്ളും. അപ്പോൾ മൂന്നാലൊരു കാര്യം അനിവാര്യമാകുന്നു:

1. ഓരോ ആരാധ്യനും സ്വന്തം സൃഷ്ടികളും അധികാരങ്ങളുമായി ഒറ്റയ്ക്ക് നിലകൊള്ളൽ. ഇങ്ങനെയാണ് പ്രപഞ്ചത്തിൽ സംഭവിക്കുന്നതെങ്കിൽ പരസ്പര പൂരകങ്ങളായി സൃഷ്ടിജാലങ്ങൾ നിലനിൽക്കുകയില്ല.

2. ആരാധ്യന്മാരിൽ ചിലർ ചിലരെ പരാജയപ്പെടുത്തൽ. പരാജയപ്പെടുത്തപ്പെട്ടവരെ ആരാധിക്കുന്ന സൃഷ്ടിജാലങ്ങൾക്ക് നിലനിൽപില്ല.

3. എല്ലാം ഒരൊറ്റ ആരാധ്യന്റെ അധികാരത്തിന്റെ കീഴിൽ ആയിത്തീരൽ. ആ ഏക ആരാധ്യൻ അവരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുകയും അവരുടെമേൽ വിധി കൽപിക്കുകയും ചെയ്യൽ. അങ്ങനെ വരുമ്പോൾ അവൻ മാത്രമായിത്തീരുന്നു യഥാർഥ ആരാധ്യൻ, മറ്റുള്ളവരെല്ലാം സൃഷ്ടികളും ഭരണീയരുമായിത്തീരുന്നു. ഇതിൽ ഏത് സാധ്യതയാണ് നിലനിൽക്കുന്നത് എന്ന് നമുക്ക് പരിശോധിക്കാം.

(തുടരും)

ഡോ. അബ്ദുല്ലാ ബാസിൽ സിപി
: 87141 74330

പെണ്ണുടലുകളുടെ വസ്തുവൽകരണവും ചരക്കുവൽകരണവും ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. സ്ത്രീ പീഡനത്തിന്റെ 'വാമൊഴി വഴക്കുകളാ'ണിപ്പോൾ മീഡിയയിലും കോടതിയിലും. നേരും നെറിയും നഷ്ടപ്പെട്ട ആൾക്കൂട്ടത്തിന് തെറിയുടെ മേമ്പൊടി നൽകിയതിലെ ദുഷ്ടലാക്കെന്ത്? ആരാണതിന്റെ ഗുണഭോക്താക്കൾ?

# പെണ്ണുടൽ ചർച്ചയിലെ നേരും തെറിയും

ഈ ലോകം മുഴുക്കെ ഒരു ചന്തയാണ്, അവിടെ നടക്കുന്നതെല്ലാം വിൽക്കൽ വാങ്ങലുകളും-ഇതാണ് ലളിതമായി പറഞ്ഞാൽ മുതലാളിത്ത ലോകവീക്ഷണം. ഒരു അധ്യാപകൻ വിൽപനക്കാരനാണ്, അയാൾ തന്റെ അറിവും അധ്യാപനത്തിനുള്ള കഴിവും വിറ്റ് ശമ്പളം എന്ന ലാഭം വാങ്ങുന്നു. ഒരു എഴുത്തുകാരൻ തന്റെ എഴുതാനുള്ള കഴിവും പാട്ടുകാരൻ പാടാനുള്ള കഴിവുമെല്ലാം വിറ്റ് പണമുണ്ടാക്കുന്നു. അത് കേൾക്കാൻ വരുന്നവർ ആ ആസ്വാദനം പണം കൊടുത്തു വാങ്ങുന്ന ഉപഭോക്താക്കളും. ഇങ്ങനെ എല്ലാ സാമ്പത്തിക ഇടപാടിലും ഒരു വിൽ



ക്ഷണിക്കുന്നു. അവരുടെ ശരീരപ്രദർശനം കാണാൻ വലിയൊരു വിഭാഗം തടിച്ചുകൂടുന്നു. അത് പരമാവധി വൃത്തികെട്ട രീതിയിൽ ഫോട്ടോയും വീഡിയോയുമെടുത്ത് സോഷ്യൽ മീഡിയകളിൽ പ്രചരിപ്പിക്കുന്നു. ചിലയിടങ്ങളിലെങ്കിലും ഈ ശരീരം പ്രദർശിപ്പിക്കാൻ വരുന്ന സ്ത്രീകളെ ഉദ്ദേശിച്ച് ദ്വയാർഥത്തിലുള്ള കോമഡികളും അതിന് വലിയ കൈയടികളും ലഭിക്കുന്നു!

മുതലാളിത്തത്തിന്റെ കണ്ണിലൂടെ ഈ ഉദ്ഘാടന ബിസിനസിനെ നമുക്കൊന്ന് നോക്കാം. ഇവിടെ ആരാണ് വിൽപനക്കാർ? ഈ നടിമാരും അവരെ വിളിക്കുന്ന ബിസിനസ് മുതലാളിമാരും! ആരാണ് ഇവരുടെ ഉപഭോക്താക്കൾ? ശരീരപ്രദർശനം കാണാനെത്തുന്ന വലിയൊരുകൂട്ടം ഞരമ്പുരോഗികൾ! എന്താണ് അവിടെയുള്ള വിൽപനച്ചരക്ക്? എന്ത് കാണാനാണ് / ആസ്വദിക്കാനാണ് ആ ഉപഭോക്താക്കൾ അവിടെ തടിച്ചുകൂടുന്നത്? അവിടെ ഏതെങ്കിലും കലാപ്രകടനമോ വിജ്ഞാനസദസ്സോ ഒന്നും നടക്കുന്നില്ല. അതൊന്നും പ്രതീക്ഷിച്ചല്ല അവരവിടെ തടിച്ചുകൂടുന്നത്. പിന്നെന്ത് പ്രതീക്ഷിച്ചാണ്, എന്താണ് ആ വിൽപന വസ്തു? നിഷ്കളങ്കമായി ചിന്തിച്ചാൽ ആർക്കും എത്തിച്ചേരാൻ സാധിക്കുന്ന ഒരേയൊരു ഉത്തരം 'സ്ത്രീശരീരം' എന്നതാണ്!

ആകർഷകമായ ശരീരമോ അത് വെളിവാക്കുന്ന രൂപത്തിലുള്ള വസ്ത്രധാരണമോ ഇല്ലായിരുന്നെങ്കിൽ; കേവലം അഭിനയത്തിൽ നിന്നുള്ള പ്രശസ്തി മാത്രമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഈ വാല്യു കിട്ടുമായിരുന്നോ? ഇല്ല! അഥവാ

പനക്കാരനെയും വിൽപനച്ചരക്കിനെയും ഉപഭോക്താവിനെയും നമുക്ക് കാണാനാകും.

ഇനി നമുക്ക് ഇക്കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തെ പിടിച്ചുകുലുക്കിയ വിവാദങ്ങളിലേക്ക് വരാം. ഏതാനും വർഷങ്ങളായി വർധിച്ചു വരുന്ന ഒരു പ്രവണതയായിരുന്നു ചില പ്രത്യേകതരം ഉദ്ഘാടനങ്ങൾ. അഭിനയരംഗത്ത് കാര്യമായ നേട്ടങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ലെങ്കിലും തങ്ങളുടെ ശരീരം പ്രദർശിപ്പിക്കുന്ന രീതിയിൽ ആഭാസകരമായ വസ്ത്രധാരണം നടത്തുന്ന നടിമാരെ ഉദ്ഘാടനത്തിന്



> മുതലാളിത്ത വ്യവസ്ഥയിൽ ഇങ്ങനെയെല്ലാമാണെങ്കിലും അതിനപ്പുറം ഒരു വ്യക്തിക്ക് മൂല്യമുണ്ടെന്നും, അവരുടെ വസ്ത്രധാരണരീതി അവരെ ഉപദ്രവിക്കാനോ അസഭ്യം പറയാനോ ഉള്ള ന്യായമല്ലെന്നുമുറപ്പാണ്. എന്നാൽ ഈ രണ്ടു തലങ്ങളെയും മറന്നുകൊണ്ടുള്ള പക്ഷംപിടിക്കലുകളാണ് പൊതുവിൽ കാണാനായത്. ഒന്നുകിൽ വസ്ത്രസ്വാതന്ത്ര്യം പറഞ്ഞ് സ്ത്രീശരീരത്തെ വസ്തുവത്കരിച്ചതിനെ അനുകൂലിക്കുക, അതല്ലെങ്കിൽ ദ്വയാർഥ പ്രയോഗങ്ങളിലൂടെ ആഭാസങ്ങൾ വിളിച്ചുപറഞ്ഞവരുടെ കൂടെ നിലകൊള്ളുക! ഇവിടെ അടിസ്ഥാനപരമായി സംഭവിക്കുന്നത് സ്ത്രീയുടെയും പുരുഷന്റെയും മൗലികമായ പ്രകൃതത്തെ കണക്കിലെടുക്കാതെ ചർച്ച ചെയ്യുന്നു എന്നതാണ്. സ്ത്രീയുടെ വസ്ത്രധാരണത്തെ പറ്റി സംസാരിക്കുമ്പോഴെല്ലാം 'സ്വാത്രന്ത്യം' എന്ന ഒറ്റ നുകത്തിൽ കൊണ്ടുകെട്ടുകയും അതിനപ്പുറത്തേക്ക് ചിന്തിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നു എന്നതാണ് പലർക്കും പറ്റുന്ന അബദ്ധം

സ്ത്രീശരീരം കമോഡിഫൈ ചെയ്യുകയായിരുന്നു ഇവർ ചെയ്തിരുന്നത്. അങ്ങനെ വസ്തുവൽകരണവും (ഒബ്ജക്റ്റിഫിക്കേഷൻ) ചരക്കുവത്കരണവും (കമോഡിഫിക്കേഷൻ) സ്വയം ചെയ്ത്, അത് ആഘോഷിച്ച്, അതിൽ നിന്ന് വരുമാനമുണ്ടാക്കുകയായിരുന്നു ഇവർ!

ഇങ്ങനെ ശരീരപ്രദർശനവും അനുബന്ധിയായി ഉദ്ഘാടനച്ചടങ്ങുകളുമായി കച്ചവടം തകൃതിയായി മുന്നോട്ടുപോകുന്നതിനിടയിലാണ്, ഇവരുടെ ഈ കച്ചവടത്തിന്റെ ഉപഭോക്താക്കൾതന്നെ ഇവരുടെ വിൽപനച്ചരക്കായ ശരീരഭാഗങ്ങളെ പറ്റി ലൈംഗികച്ചുവയുള്ള സംസാരങ്ങൾ നടത്തുന്നതും കമന്റടിക്കുന്നതും! സ്ത്രീയുടെ ശരീരഭാഗങ്ങൾ കണ്ടാൽ പുരുഷന്മാർക്ക് ലൈംഗിക ചിന്തകൾ തന്നെയാണുണ്ടാവുക എന്നത് സാമാന്യയുക്തിയാണ്. അതല്ലാതെ ഒരു നഗ്നമേനി കണ്ടാൽ പുരുഷൻ ഒരിക്കലും ഒന്നാം ലോക മഹായുദ്ധത്തെ പറ്റിയോ, ആഗോളതാപനത്തെ പറ്റിയോ അല്ലല്ലോ ചിന്തിക്കുക! എന്നാൽ അത്തരം ചിന്തകൾ മനസ്സിൽ ഒതുക്കുന്നതിനുപകരം ചില ഞരമ്പുരോഗികൾ അത് പുറത്തുപറയുകയും കമന്റിടു കയും ചെയ്തതോടെ ഉപഭോക്താക്കൾക്കെതിരെ കച്ചവടക്കാർ യുദ്ധം പ്രഖ്യാപിക്കുന്നതാണ് പിന്നീട് കണ്ടത്!

അഥവാ ഇവർ ഇപ്പോൾ യുദ്ധം പ്രഖ്യാപിച്ചവർ തന്നെയായിരുന്നു (ഇനിയും അത് തുടരുന്നെങ്കിൽ അവർ തന്നെയാണ്) ഇവരുടെ ഉപഭോക്താക്കൾ. അവരുടെ താൽപര്യങ്ങളാണ് ഈയാളുകൾ ഇത്രയും കാലം സാധിച്ചുകൊടുത്തത്. അത് ഉപയോഗിച്ചാണ് ഇവർ പണമുണ്ടാക്കിയത്. നേരിട്ട് കമന്റ് ഇട്ട് കൂടുങ്ങിയവർ മഞ്ഞുമലയുടെ അറ്റം മാത്രമാണ്. ആ കമന്റ് മനസ്സിൽ പറയുന്നവരാണ് ഭൂരിപക്ഷം!

ഇതെല്ലാമാണെങ്കിലും ഇതൊന്നും ഈ ഞരമ്പുരോഗികൾ ചെയ്യുന്ന പ്രവർത്തിക്ക് ന്യായീകരണമാകുന്നില്ല. മുതലാളിത്ത വ്യവസ്ഥയിൽ ഇങ്ങനെയെല്ലാമാണെങ്കിലും അതിനപ്പുറം ഒരു വ്യക്തിക്ക് മൂല്യമുണ്ടെന്നും, അവരുടെ വസ്ത്രധാരണരീതി അവരെ ഉപദ്രവിക്കാനോ അസഭ്യം പറയാനോ ഉള്ള ന്യായമല്ലെന്നുമുറപ്പാണ്.

എന്നാൽ ഈ രണ്ടുതലങ്ങളെയും മറന്നുകൊണ്ടുള്ള പക്ഷംപിടിക്കലുകളാണ് പൊതുവിൽ കാണാനായത്. ഒന്നുകിൽ വസ്ത്രസ്വാതന്ത്ര്യം പറഞ്ഞ് സ്ത്രീശരീരത്തെ വസ്തുവത്കരിച്ചതിനെ അനുകൂലിക്കുക, അതല്ലെങ്കിൽ ദ്വയാർഥ പ്രയോഗങ്ങളിലൂടെ ആഭാസങ്ങൾ വിളിച്ചുപറഞ്ഞവരുടെ കൂടെ നിലകൊള്ളുക!

ഇവിടെ അടിസ്ഥാനപരമായി സംഭവിക്കുന്നത് സ്ത്രീയുടെയും പുരുഷന്റെയും മൗലികമായ പ്രകൃതത്തെ കണക്കിലെടുക്കാതെ ചർച്ച ചെയ്യുന്നു എന്നതാണ്. സ്ത്രീയുടെ വസ്ത്രധാരണത്തെ പറ്റി സംസാരിക്കുമ്പോഴെല്ലാം 'സ്വാതന്ത്ര്യം' എന്ന ഒറ്റ നുകത്തിൽ കൊണ്ടുകെട്ടുകയും അതിനപ്പുറത്തേക്ക് ചിന്തിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നു എന്നതാണ് പലർക്കും പറ്റുന്ന അബദ്ധം. ഒരു



പ്രവൃത്തി ക്ക് ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതിനപ്പുറവും സാമൂഹിക തലങ്ങളുണ്ട് എന്ന് മനസ്സിലാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യവും സമത്വവും സുരക്ഷയുമെല്ലാം പല ഘട്ടങ്ങളിലും നേർക്കുനേർ വന്നേക്കാം. അവിടെ എന്തിന്, എപ്പോൾ പ്രാധാന്യം നൽകണം എന്ന് തീരുമാനിക്കാൻ പരിമിതമായ മനുഷ്യയുക്തിക്ക് പരിമിതിയുണ്ട് എന്നത് തന്നെയാണ് ഏറ്റവും വലിയ തിരിച്ചറിവ്. അതുകൊണ്ട് തന്നെയാണ് അവിടെ നമ്മുടെ പരിമിതയുക്തിയിൽ കിടന്ന് കറങ്ങാതെ എല്ലാമറിയുന്ന സ്രഷ്ടാവിന്റെ കൽപനകൾ പരിശോധിക്കേണ്ടതിന്റെ അനിവാര്യത ഊന്നിപ്പറയുന്നത്.

ആണിനെയും പെണ്ണിനെയും പരസ്പരം ആകർഷിക്കുന്ന രൂപത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത്. അതങ്ങനെ തന്നെയേ ആകാവൂ, മനുഷ്യകുലത്തിന്റെതന്നെ നിലനിൽപ്പ് അടിസ്ഥാനപ്പെടുത്തിയിട്ടുള്ളത് അതിലാണ്. ആണും പെണ്ണും പരസ്പരം ആകർഷിക്കുകയും ഇണചേരുകയും ചെയ്തെങ്കിൽ മാത്രമെ മനുഷ്യകുലത്തിന് തുടർച്ചയുണ്ടാകൂ.

എങ്ങനെയാണ് ഇണചേരാനുള്ള ചിന്തകളുണ്ടാകുന്നത്? അത് സ്ത്രീക്കും പുരുഷനും വ്യത്യസ്തമാണ് എന്നാണ് മനഃശാസ്ത്ര-ന്യൂറോസയൻസ് ഗവേഷണങ്ങൾ പറയുന്നത്. പുരുഷന് ലൈംഗിക ചിന്തകളുണ്ടാകുന്നത് പ്രധാനമായും നോട്ടം കൊണ്ടാണെങ്കിൽ, സ്ത്രീക്ക് അത് സാമീപ്യവും സംസാരവും കൊണ്ടാണ്. അഥവാ സ്ത്രീയുടെ നഗ്നമേനിയിലേക്കുള്ള നോട്ടം പുരുഷനിൽ ലൈംഗിക ചിന്തകളുണർത്തും, അവനിൽ അത്തരം ഹോർമോണുകൾ ഉദ്പാദിപ്പിക്കപ്പെടുകയും അത് ശരീരത്തിലും ചിന്തയിലും കാര്യമായ മാറ്റങ്ങളുണ്ടാക്കുകയും ചെയ്യുമെന്നത് ശാസ്ത്രം.

ഇവിടെയാണ് നോട്ടം വഴി പുരുഷന് ലൈംഗിക ചിന്തകളും അതുവഴി മാനസികവും ശാരീരികവുമായ മാറ്റങ്ങളുമുണ്ടാകുമെങ്കിൽ അത് സ്ത്രീസുരക്ഷയെ ബാധിക്കുന്നതാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടത്. പുരുഷൻ നോട്ടം നിയന്ത്രിക്കുകയും സ്ത്രീ നഗ്നത പ്രദർശിപ്പിക്കാതിരിക്കലുമാണ് ഇതിനുള്ള പരിഹാരം എന്നത് വ്യക്തം. പുരുഷൻ നിയന്ത്രിച്ചാൽ പോരേ, സ്ത്രീ എന്തിനാണ് വസ്ത്രം ശ്രദ്ധിക്കുന്നത് എന്നതാണ് ഇതിനോടുള്ള ഉടനടിയുള്ള ലിബറൽ പ്രതികരണം. സമൂഹത്തിലുള്ള പുരുഷന്മാരെല്ലാം സ്ത്രീകളെ കാണുമ്പോൾ തന്നെ താഴോട്ട് നോക്കി നടക്കുന്നവരും ലൈംഗിക വിശുദ്ധി പാലിക്കുന്ന സൽസ്വഭാവികളുമായ ഒരു ഉട്ടോപ്യയിൽ ഇപ്പറഞ്ഞ ന്യായം പരിഗണിക്കാം. പക്ഷേ, യാഥാർഥ്യം അതല്ലെന്നത് പകൽ പോലെ വ്യക്തമാണ്.

ധാർമിക ചിന്തകളില്ലാത്ത, നിയന്ത്രണങ്ങളില്ലാത്ത പുരുഷന്മാർ സ്ത്രീയുടെ നഗ്നത കണ്ടാൽ നോക്കുമെന്നതും അതിനെ തുടർന്നുള്ള മോശം ചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും പോകുമെന്നതും പരിഗണിക്കുമ്പോഴാണ് ഇപ്പോൾ വിവാദമായ ശരീരപ്രദർശനം ഗൗരവകരമാകുന്നത്. പൊതുമധ്യത്തിൽ അങ്ങേയറ്റം ആഭാസകരമായ വസ്ത്രധാരണ

വുമായി പ്രത്യക്ഷപ്പെടുന്നതുകൊണ്ട് പുരുഷന്റെ ആഗ്രഹം മാത്രമാണ് പൂർത്തീകരിക്കപ്പെടുന്നത്. അവന് കണ്ടാസ്വദിക്കാനുള്ള കേവലം ഉപഭോഗവസ്തുവായി സ്ത്രീശരീരം മാറുന്നു എന്നതിന്റെ ഗൗരവം എന്തുകൊണ്ടാണ് സ്ത്രീപക്ഷവാദികൾക്ക് പോലും മനസ്സിലാകാത്തത്?

നഗ്നത പ്രദർശിപ്പിക്കുന്ന സ്ത്രീശരീരം കണ്ടാൽ പുരുഷന്റെ തലച്ചോർ അതിനെ ഒരു 'വസ്തു' മാത്രമായാണ് പരിഗണിക്കുക എന്ന, തലച്ചോറിനെ പറ്റിയുള്ള ഗവേഷണങ്ങൾ കൂടി പരിഗണിക്കുമ്പോൾ ചിത്രം വ്യക്തം! ഇതിന്റെ ഏറ്റവും വലിയ പ്രശ്നമെന്തെന്നാൽ, ഇതുകൊണ്ട് ഇവർക്ക് മാത്രമല്ല പ്രശ്നമുണ്ടാവുക എന്നതാണ്. പ്രിവിലേജ് ഉള്ള ഇത്തരം നടിമാർ ശരീരപ്രദർശനം ചെയ്താൽ ഇവർക്ക് ഇത്തരത്തിൽ എന്തെങ്കിലും ദുരനുഭവമുണ്ടായാൽ കേസുകൊടുക്കാനും അത് വാർത്തയാക്കാനും സാധിക്കും. എന്നാൽ അത് സമൂഹത്തിലെ മറ്റു സ്ത്രീകളെ ബാധിക്കുന്നത് വേറൊരു തരത്തിലാണ്. ഇവർ സ്ത്രീശരീരം ഒബ്ജെക്റ്റിഫൈ ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന പ്രശ്നം ബാധിക്കുക സമൂഹത്തിലെ പ്രിവിലേജ് ഇല്ലാത്ത സ്ത്രീകളെയാണ്.



സൈക്കോളജിയിൽ അതിനെ 'ഡിസ്‌പ്ലെയിസ്ഡ് അഗ്രഷൻ' എന്ന് പറയും. അഥവാ ഒരു ടാർഗറ്റിൽ നിന്ന് ലൈംഗിക ഉത്തേജനം ഉണ്ടാവുകയും എന്നാൽ അത് തനിക്ക് അപ്രാപ്യവും ആകുമ്പോൾ അതിന്റെ മോഹഭംഗം പ്രാപ്യമായ മറ്റൊരു ടാർഗറ്റിൽ പോയി പുരുഷന്മാർ തീർക്കും. അഥവാ പ്രിവിലേജ് ഒന്നുമില്ലാത്ത സാധാരണ സ്ത്രീകളെയാണ് ഈ വസ്തുവത്കരണം ബാധിക്കുക. അവരാണ് കൂടുതൽ പ്രയാസം അനുഭവിക്കുക. വൃദ്ധകളും കുട്ടികളും പോലും പീഡിപ്പിക്കപ്പെടുന്ന അവസ്ഥ കൂടിവരുന്നതെന്തുകൊ ണ്ടെന്നത് ചിന്തിച്ചാൽ ആർക്കും കാര്യങ്ങൾ വ്യക്തമാകും.

ഇങ്ങനെ സ്ത്രീശരീരത്തെ വസ്തുവത്കരിച്ച്, ചരക്കുവത്കരിച്ച് സ്ത്രീകൾക്ക് സമൂഹത്തിൽ ജീവിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കുന്ന അങ്ങേയറ്റത്തെ സ്ത്രീവിരുദ്ധത ഒരുഭാഗത്തും, ഇവരുടെ തന്നെ ഉപഭോക്താക്കളായ ഒരുകൂട്ടം ഞരമ്പുരോഗികൾ മറുഭാഗത്തും അണിനിരന്ന ഏറ്റുമുട്ടലാണ് നാം കഴിഞ്ഞ ദിവസങ്ങളിൽ കണ്ടത്. ദ്വയാർഥ പ്രയോഗങ്ങളും പെൺവിരുദ്ധ തമാശകളും ആസ്വദിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ നമുക്ക് ചുറ്റിലുമുണ്ട് എന്നത് നൽകുന്നത് ഒട്ടും ശുഭകരമായ സൂചനയല്ല. എല്ലാ നിലയ്ക്കുമുള്ള പെൺവിരുദ്ധതകളെയും ശക്തിയുക്തം എതിർത്തു തോൽപിക്കാൻ നാം മുന്നോട്ടു വരേണ്ടതുണ്ട്.

ധാർമിക ചിന്തകളില്ലാത്ത, നിയന്ത്രണങ്ങളില്ലാത്ത പുരുഷന്മാർ സ്ത്രീയുടെ നഗ്നത കണ്ടാൽ നോക്കുമെന്നതും അതിനെ തുടർന്നുള്ള മോശം ചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും പോകുമെന്നതും പരിഗണിക്കുമ്പോഴാണ് ഇപ്പോൾ വിവാദമായ ശരീരപ്രദർശനം ഗൗരവകരമാകുന്നത്. പൊതുമധ്യത്തിൽ അങ്ങേയറ്റം ആഭാസകരമായ വസ്ത്രധാരണവുമായി പ്രത്യക്ഷപ്പെടുന്നതുകൊണ്ട് പുരുഷന്റെ ആഗ്രഹം മാത്രമാണ് പൂർത്തീകരിക്കപ്പെടുന്നത്. അവന് കണ്ടാസ്വദിക്കാനുള്ള കേവലം ഉപഭോഗവസ്തുവായി സ്ത്രീശരീരം മാറുന്നു എന്നതിന്റെ ഗൗരവം എന്തുകൊണ്ടാണ് സ്ത്രീപക്ഷവാദികൾക്ക് പോലും മനസ്സിലാകാത്തത്?

ടി.കെ അശ്റഫ്
: 81118 07199



# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ: കർമവീഥിയിൽ തളരാതെ മുന്നോട്ട്

(2024 നവംബർ 10ന് കോഴിക്കോട് ജൂബിലി ഹാളിൽ വെച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ 'തൗഹീദ്, പ്രമാണം, പ്രസ്ഥാനം' എന്ന പ്രമേയത്തിൽ നടത്തിയ ആദർശ സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് നടത്തിയ പ്രഭാഷണത്തിന്റെ ആശയ സംഗ്രഹം)

മുജാഹിദ് പ്രസ്ഥാനം അതിന്റെ ആദ്യനാളുതൊട്ട് ഉയർത്തിപ്പിടിച്ച ഒരു ആദർശമുണ്ട്. അത് അല്ലാഹുവും അവന്റെ റസൂലും പഠിപ്പിച്ച ആദർശമാണ്. ആരൊക്കെ എതിർത്താലും ശക്തമായി അതിവിടെ നിലനിൽക്കും. അതിന് ഒരു കൂട്ടായ്മയും നിലനിൽക്കും. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു:

لا تَزالُ طائِفَةٌ مِن أُمَّتي ظاهِرِينَ علَى الحَقِّ، لا يَضُرُّهُمْ مَن خَذَلَهُمْ، حتَّى يَأْتِيَ أمْرُ اللهِ وهُمْ كَذلكَ.

"എന്റെ സമുദായത്തിൽ ഒരു വിഭാഗം സത്യത്തിൽ പ്രകടമായി നിലകൊള്ളുന്നവരായിക്കൊണ്ടേയിരിക്കും. അവരെ ആര് കൈയൊഴിഞ്ഞാലും അവർക്കത് യാതൊരും പ്രയാസവും ഉണ്ടാക്കുകയില്ല. അല്ലാഹുവിന്റെ കൽപന വരുന്നതുവരെ അവർ അപ്രകാരം തന്നെ യായിരിക്കും."

മുജാഹിദുകൾ ഒരിക്കലും അന്ധമായ അനുകരണത്തിന്റെ (തക്‌ലീദിന്റെ) വഴിയിലൂടെ സഞ്ചരിക്കുകയില്ല. അവർ സത്യം മനസ്സിലാക്കി അതിന്റെ കൂടെ നിലകൊള്ളുന്നവരാണ്. അതാണ് പരലോക ഭയമുള്ളവരുടെ നിലപാട്.

'വിസ്ഡം എന്ന പേരിൽ അറിയപ്പെടുന്ന മുജാഹിദുകൾ എന്തോ പുതിയ കാര്യങ്ങൾ കൊണ്ടുവന്നവരാണ്, അവർക്ക് തൗഹീദിൽ വലിയ തകരാറു സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രസ്ഥാനം അവരെ പുറത്താക്കിയതാണ്' എന്നാണ് ചിലരുടെ പ്രചാരണ ഫലമായി പലരും ധരിച്ചുവെച്ചിരിക്കുന്നത്.

സത്യത്തിൽ പിഴവു പറ്റിയിരിക്കുന്നത് ആരോപണമുന്നയിക്കുന്നവർക്കു തന്നെയാണ്. അവർ അടിസ്ഥാനരഹിതമായി ശിർക്ക് ആരോപിക്കുകയായിരുന്നു. അതിനുവേണ്ടി പ്രസ്ഥാനം നാളിതുവരെ സ്വീകരിച്ചുവന്ന ആദർശത്തിൽ മായം ചേർത്തു. അതിനാൽ ഇപ്പോൾ അവർ ചെന്നെത്തിയിരിക്കുന്നത് വലിയ അബദ്ധത്തിലാണ്. മുജാഹിദ് പ്രസ്ഥാനത്തിന്റെ പഴയകാല നേതാക്കളെയും മുൻകാല പ്രഭാഷണങ്ങളെയും പുസ്തകങ്ങളെയും അവർക്ക് തള്ളിപ്പറയേണ്ടി വന്നിരിക്കുന്നു. എന്നാൽ വിസ്ഡം കൂട്ടായ്മക്ക് ആ ഒരു ദുർഗതി വന്നിട്ടില്ല.

പ്രതിസന്ധികളെ അവസരങ്ങളാക്കി മുന്നോട്ടുപോയ ഒരു കൂട്ടായ്മയാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ. വിസ്ഡത്തിന്റെ കഴിഞ്ഞ കാലം അതിന്റെ തെളിവാണ്. ആദർശ സ്നേഹികളായ മുജാഹിദുകൾ ഈ കൂട്ടായ്മയുടെ കൂടെയാണ് നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ചുരുങ്ങിയ കാലംകൊണ്ട് അതിന് സംഘടനാഭദ്രത കൈവന്നു. ജാമിഅഃ അൽഹിന്ദ്, ഗ്രീൻവാലി പോലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പീസ് റേഡിയോ സംവിധാനവും വളർച്ചയുടെ മികച്ച തെളിവുകളാണ്.

'വിസ്ഡം എന്ന പേരിൽ അറിയപ്പെടുന്ന മുജാഹിദുകൾ എന്തോ പുതിയ കാര്യങ്ങൾ കൊണ്ടുവന്നവരാണ്, അവർക്ക് തൗഹീദിൽ വലിയ തകരാറു സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രസ്ഥാനം അവരെ പുറത്താക്കിയതാണ്' എന്നാണ് ചിലരുടെ പ്രചാരണ ഫലമായി പലരും ധരിച്ചുവെച്ചിരിക്കുന്നത്. സത്യത്തിൽ പിഴവു പറ്റിയിരിക്കുന്നത് ആരോപണമുന്നയിക്കുന്നവർക്കു തന്നെയാണ്. അവർ അടിസ്ഥാനരഹിതമായി ശിർക്ക് ആരോപിക്കുകയായിരുന്നു. അതിനുവേണ്ടി പ്രസ്ഥാനം നാളിതുവരെ സ്വീകരിച്ചുവന്ന ആദർശത്തിൽ മായം ചേർത്തു. അതിനാൽ ഇപ്പോൾ അവർ ചെന്നെത്തിയിരിക്കുന്നത് വലിയ അബദ്ധത്തിലാണ്.

ചുരുങ്ങിയ കാലം കൊണ്ട് ഈ നേട്ടമെല്ലാം സാധ്യമായത് അല്ലാഹുവിന്റെ സഹായം ഒന്നുകൊണ്ട് മാത്രമാണ്. നിസ്വാർഥരായ പ്രവർത്തകന്മാരുടെ പ്രവർത്തനവും പ്രാർഥനയും അതിന് ആക്കംകൂട്ടി. തൗഹീദീ ആദർശത്തിൽ ഉറച്ചുനിന്ന് പ്രബോധന രംഗത്ത് പ്രവർത്തിക്കുന്നത് അല്ലാഹുവിന്റെ മതത്തെ സഹായിക്കലാണ്. അത്തരക്കാർക്ക് അല്ലാഹു സഹായം വാഗ്ദാനം



ചെയ്തിട്ടുണ്ട്.

പ്രബോധനത്തിന്റെ മുൻഗണനാക്രമം പാലിച്ചുകൊണ്ടാണ് ഈ കൂട്ടായ്മ മുന്നോട്ട് പോകുന്നത്. തൗഹീദിന് തന്നെയാണ് പ്രബോധനത്തിൽ ഒന്നാം സ്ഥാനം. വിവിധവും വിപുലവുമായ പ്രോഗ്രാമുകൾ അതിനുവേണ്ടി നടത്തിവരുന്നു. വർഷങ്ങൾക്കു മുമ്പ് മരണപ്പെട്ട ഒരു മനുഷ്യനെ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നവനായും 'പടച്ചോൻ' തന്നെയായും വിശേഷിപ്പിച്ച് ആത്മീയ ചൂഷകർ രംഗത്തു വന്നപ്പോൾ അതിനെതിരിൽ വാമൊഴിയായും വരമൊഴിയായും ശക്തമായി സംഘടന രംഗത്തുവന്നു. ഇതാണ് മുജാഹിദ് പ്രസ്ഥാനത്തിന്റെ പാരമ്പര്യം.

ക്വുർആനും സുന്നത്തുമാണ് ദീനിന്റെ അടിസ്ഥാന പ്രമാണം എന്ന് സമുദായം തിരിച്ചറിഞ്ഞുകഴിഞ്ഞു. എന്നാൽ ക്വുർആനും സുന്നത്തും സച്ചരിതരായ മുൻഗാമികൾ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കുവാനും വ്യാഖ്യാനിച്ചതുപോലെ വ്യാഖ്യാനിക്കുവാനും സാധിക്കണം. (അതാണ് മൻഹജുസ്സലഫ്. മൻ



ഹജ് പുതിയ പ്രമാണമല്ല; പ്രമാണം സ്വീകരിക്കുവാനുള്ള ഒരു മെത്തഡോളജി മാത്രമാണ്). അതിലേക്ക് എല്ലാവരും എത്തിയിട്ടില്ല എന്നതാണ് വസ്തുത. ആ ഉത്തരവാദിത്തവും ഈ കൂട്ടായ്മ ആത്മാർഥമായി നിർവഹിച്ചുകൊണ്ടിരിക്കുന്നു. ഏതൊരു ആദർശത്തിനു വേണ്ടിയാണോ മുൻഗാമികൾ മുജാഹിദ് പ്രസ്ഥാനം ഉണ്ടാക്കിയത് അതിനു നേരെ എതിരായ ആദർശം സ്ഥാപിക്കുവാൻ പ്രസ്ഥാനത്തിന്റെ സൗകര്യങ്ങളെയും സംവിധാനങ്ങളെയും ഉപയോഗിക്കുന്ന ഒരു ഗുരുതരാവസ്ഥ ഇവിടെ നിലനിൽക്കുന്നുണ്ട്. അത് സമുദായത്തെ ബോധ്യപ്പെടുത്തൽ അനിവാര്യമായതിനാലാണ് ആദർശ വിശദീകരണ പരിപാടികളും ഖണ്ഡന പ്രസംഗങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്.

മതനിരാസം, ലിബറലിസം പോലുള്ള തലതിരിഞ്ഞ ചിന്താഗതികൾ സമൂഹത്തെ വല്ലാതെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. കുടുംബ സംവിധാനത്തെ തകർക്കാനുള്ള ശ്രമവും നടന്നുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം എതിരെയുള്ള ബോധവതികരണത്തിന്റെ ഭാഗമായി 'ഡയലോഗു'കളും 'ഫാമിലി കോൺഫ്രൻസു'കളും നടത്തിക്കൊണ്ടിരിക്കുന്നു. 'ജെൻഡർ ന്യൂട്രൽ' പോലുള്ള അപകടകരമായ വിഷയങ്ങൾ പാഠപുസ്തകങ്ങളിലൂടെ കുട്ടികളിലേക്ക് സന്നിവേശിപ്പിക്കാനുള്ള ശ്രമം സർക്കാർ നടത്തിയപ്പോൾ അത് കേരള സമൂഹത്തിനു മുന്നിൽ കൊണ്ടുവന്ന് അതിന്റെ അപകടം സമൂഹത്തെ ബോധ്യപ്പെടുത്താൻ മുന്നിൽ നിന്നത് ഈ കൂട്ടായ്മയാണ്.

സാമൂഹ്യ മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളിയാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. അവിടെ 'പീസ് റേഡിയോ' ശക്തമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 'ലൈവ് കൗൺസലിംഗ്,' ആനുകാലിക വിഷയങ്ങൾ വിലയിരുത്തുന്ന 'സ്പോട്ട് ലൈറ്റ്,' മതപരമായ വിഷയങ്ങൾ വിലയിരുത്തുന്ന 'പ്രൂഫ് പോയിന്റ്,' മതപരമായ സംശയങ്ങൾക്ക് ഉത്തരം നൽകുന്ന 'അൽ ഇജാബ' തുടങ്ങിയ വ്യത്യസ്ത പ്രോഗ്രാമുകൾ വഴി 'പീസ് റേഡിയോ' ഇന്ന് ഒരു വലിയ വിളക്കുമാടമായി തെളിഞ്ഞു നിൽക്കുന്നു.

സംഘടനയുടെ കീഴിൽ മദ്റസ സംവിധാനം സുസംഘടിതമായി മുന്നോട്ടുപോകുന്നു. 'അന്നൂർ' പോലെയുള്ള കോഴ്സുകളും അഹ്ലുസ്സുന്ന ആദർശ പഠനവും വലിയ ജന പങ്കാളിത്തത്തോടെ നടന്നുകൊണ്ടിരിക്കുന്നു.

മുഖപത്രമായ 'നേർപഥം' നേരിന്റെ വരമൊഴിയായി ഒമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. 'വിസ്ഡം ബുക്സ്' ചുരുങ്ങിയ കാലത്തിനുള്ളിൽ ഒട്ടേറെ കനപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

ഈ പ്രവർത്തനങ്ങൾക്കെല്ലാം കൃത്യമായ മാർഗനിർദേശം നൽകാൻ 'ലജ്‌ലത്തുൽ ബുഊസിൽ ഇസ്‌ലാമിയ്യ' എന്ന പേരിൽ പണ്ഡിതസഭ മുന്നിലുണ്ട്.

ഒട്ടനേകം പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന യുവജന വിഭാഗം മലപ്പുറത്ത് വെച്ച് ഗംഭീരമായ രീതിയിൽ 'കേരള യൂത്ത് കോൺഫറൻസ്' നടത്തുകയുണ്ടായി. വിദ്യാർഥി വിഭാഗം വിദ്യാർഥി സമൂഹത്തിനിടയിലെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വരുന്ന മെയ് മാസത്തിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ വെച്ച് 'ധർമസമരത്തിന്റെ വിദ്യാർഥി കാലം' എന്ന പ്രമേയത്തിൽ കേരള വിദ്യാർഥി സമ്മേളനത്തിനുള്ള ഒരുക്കത്തിലാണ് അവർ. വിസ്ഡം വിമൻസ് വിങ്ങും ഗേൾസ് വിങ്ങും വിവിധങ്ങളായ പ്രവർത്തനങ്ങളിൽ നിരതരാണ്.

*(അവസാനിച്ചില്ല)*

*(തയ്യാറാക്കിയത്: ഉസ്മാൻ പാലക്കാഴി)*

അബൂറാഷിദ അൽകാസിമി
കുടയത്തൂർ

# മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം 05

നബി(സ്വ) ശബ്ദമുണ്ടാക്കി പൊട്ടിച്ചിരിക്കാത്തതുപോലെത്തന്നെ ഉച്ചത്തിൽ പൊട്ടിക്കരഞ്ഞിരുന്നുമില്ല. എന്നാൽ കണ്ണിൽനിന്ന് കണ്ണുനീർ പൊഴിയുമായിരുന്നു. അപ്പോൾ നെഞ്ചിൽനിന്ന് ഏങ്ങലിന്റെ ശബ്ദം കേൾക്കാമായിരുന്നു. മരിച്ചവരോടുള്ള കരുണയുടെ പേരിലായിരിക്കും ചിലപ്പോൾ അവിടുത്തെ കരച്ചിൽ. മറ്റു ചില സന്ദർഭങ്ങളിൽ അനുയായികളോടുള്ള കനിവിന്റെ പേരിലും. സമുദായത്തിന് വരാനിരിക്കുന്ന ശിക്ഷയെ ഭയന്നുകൊണ്ടും മറ്റു ചിലപ്പോൾ അല്ലാഹുവിനോടുള്ള ഭയത്താലും ചില സന്ദർഭങ്ങളിൽ ക്വുർആൻ പാരായണം കേൾക്കുമ്പോഴുമായിരിക്കും കരച്ചിൽ.

## ഭക്ഷണം

നബി(സ്വ) ഭക്ഷണം മുമ്പിൽ കൊണ്ടുവെക്കപ്പെട്ടാൽ അത് കഴിക്കാതിരിക്കില്ലായിരുന്നു. ഒരു ഭക്ഷണത്തെയും കുറ്റം പറയുമായിരുന്നില്ല. താല്പര്യം തോന്നിയാൽ അത് കഴിക്കുകയും അല്ലെങ്കിൽ ഉപേക്ഷിക്കുകയും ചെയ്യുമായിരുന്നു (ബുഖാരി, മുസ്‌ലിം).

നബി(സ്വ) ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ 'ബിസ്മില്ലാഹി' (അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു) എന്ന് പറയുമായിരുന്നു. ആഹാരം കഴിക്കുന്നതിൽ നിന്ന് വിരമിച്ചാൽ 'അൽഹംദു ലില്ലാഹ്' (അല്ലാഹുവിനാകുന്നു സർവ സ്തുതിയും) എന്നും പറയുമായിരുന്നു.

## ഉറക്കം

നബി(സ്വ) വലതുഭാഗത്തേക്ക് ചെരിഞ്ഞു കിടന്ന് ഉറങ്ങുമായിരുന്നു. ആഹാരം കഴിച്ചും വെള്ളം കുടിച്ചും വയറുനിറഞ്ഞ



അവസ്ഥയിൽ കിടക്കുകയില്ലായിരുന്നു.

ഉറങ്ങാൻ ഉദ്ദേശിക്കുമ്പോൾ തലയുടെ താഴെ കൈവെച്ച് ഉറങ്ങുകയും ഇപ്രകാരം പ്രാർഥിക്കുകയും ചെയ്യുമായിരുന്നു: ‘അല്ലാഹുമ്മ ക്വിനീ അദാബക യൗമ തുബ്അസു ഇബാദക’ (അല്ലാഹുവേ, നിന്റെ ദാസന്മാർ പുനർജീവിപ്പിക്കപ്പെടുന്ന ദിവസം എന്നെ നിന്റെ ശിക്ഷയിൽനിന്ന് കാത്തുകൊള്ളേണമേ) (തിർമിദി: 3398).

പ്രഭാതത്തിൽ കോഴി കൂവുമ്പോൾ നബി(സ്വ) എഴുന്നേൽക്കുമായിരുന്നു. അപ്പോൾ അല്ലാഹുവിനെ സ്തുതിക്കുകയും തക്ബീറും (അല്ലാഹു അക്ബർ) തഹ്‌ലീലും (ലാ ഇലാഹ ഇല്ലല്ലാഹ്) നടത്തി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. പിന്നീട് ദന്തശുദ്ധി വരുത്തി അംഗസ്നാനം ചെയ്ത് സ്വർഗം കൊതിച്ചും നരകത്തെ ഭയന്നും നമസ്കരിക്കാൻ നിൽക്കും.

ചില സന്ദർഭങ്ങളിൽ വിരിപ്പിൽ ഉറങ്ങും, മറ്റു ചിലപ്പോൾ പായയിലോ തറയിലോ കട്ടിലിലോ കിടന്ന് ഉറങ്ങുമായിരുന്നു (സാദുൽ മആദ് 1/155).

## നബി(സ്വ)യുടെ സംസാരം, ചിരി, കരച്ചിൽ

നബി(സ്വ)യുടെ സംസാരം വാക്കുകൾ എണ്ണി നോക്കുന്നവർക്ക് എണ്ണാൻ കഴിയുന്ന രീതിയിൽ സ്ഫുടവും സ്പഷ്ടവുമായിരുന്നു. മനഃപാഠമാക്കാൻ സാധിക്കാത്ത രീതിയിൽ അതിവേഗത്തിലോ സംസാരത്തിനിടയിൽ വിട്ടുപോകുന്ന തരത്തിലുള്ള നിർത്തലുകളോ ഉണ്ടാവില്ല.

അനസ്(റ) നിവേദനം: “നബി(സ്വ) (ശ്രോതാക്കൾക്ക്) സംസാരം മനസ്സിലാകുന്നതിന് മൂന്നു തവണ ആവർത്തിച്ച് പറയുമായിരുന്നു; സലാം പറഞ്ഞാൽ മൂന്നു തവണയും’’ (ബുഖാരി).

ദീർഘനേരം മൗനം അവലംബിക്കുമായിരുന്നു. ആവശ്യമില്ലാതെ സംസാരിക്കുകയില്ല. സംസാരിച്ചാൽ സാരസമ്പൂർണമായ വാക്കുകൾകൊണ്ട് മാത്രം, തീരെ ചുരുക്കാതെ, ആവശ്യമില്ലാത്തത് കടന്നുവരാതെ അല്ലാഹുവിന്റെ അടുത്തുനിന്ന് പ്രതിഫലം ലഭിക്കുന്നത് മാത്രം ഉരുവിടുമായിരുന്നു. അനിഷ്ടകരമായത് നേരിട്ടാൽ മുഖഭാവത്തിൽനിന്ന് വായിച്ചെടുക്കാമായിരുന്നു.

ചിരി അധികവും പുഞ്ചിരിയായിരുന്നു. ചിരിക്കേണ്ടതായ കാര്യത്തിനേ വലുതായി ചിരിക്കാറുള്ളൂ. അതും അണപ്പല്ലുകൾ വെളിവാകുന്നതുവരെ മാത്രം. അതുപോലുള്ള കാര്യങ്ങൾ ആശ്ചര്യജനകമായിരിക്കും. അത് അപൂർവമായ ഉണ്ടാവാറുള്ളൂ. (സാദുൽ മആദ് 1/182).

നബി(സ്വ) ശബ്ദമുണ്ടാക്കി പൊട്ടിച്ചിരിക്കാത്തതുപോലെ ത്തന്നെ ഉച്ചത്തിൽ പൊട്ടിക്കരഞ്ഞിരുന്നുമില്ല. എന്നാൽ കണ്ണിൽനിന്ന് കണ്ണുനീർ പൊഴിയുമായിരുന്നു. അപ്പോൾ നെഞ്ചിൽനിന്ന് ഏങ്ങലിന്റെ ശബ്ദം കേൾക്കാമായിരുന്നു. മരിച്ചവരോടുള്ള കരുണയുടെ പേരിലായിരിക്കും ചിലപ്പോൾ അവിടുത്തെ കരച്ചിൽ. മറ്റു ചില സന്ദർഭങ്ങളിൽ അനുയായികളോടുള്ള

കനിവിന്റെ പേരിലും. സമുദായത്തിന് വരാനിരിക്കുന്ന ശിക്ഷയെ ഭയന്നുകൊണ്ടും മറ്റു ചിലപ്പോൾ അല്ലാഹുവിനോടുള്ള ഭയത്താലും ചില സന്ദർഭങ്ങളിൽ ഖുർആൻ പാരായണം കേൾക്കുമ്പോഴുമായിരിക്കും കരച്ചിൽ. അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ആശിച്ചും അവനോടുള്ള ബഹുമാനത്തിലും ഭയവും ഭക്തിയും സമ്മിശ്രമായ മാനസികാവസ്ഥയിലായിരിക്കും ആ സമയം.

നബി(സ്വ)യുടെ പുത്രൻ ഇബ്‌റാഹീം മരണപ്പെട്ട സന്ദർഭത്തിൽ ആ കുട്ടിയോടുള്ള കരുണയാൽ അവിടുന്ന് കരഞ്ഞു. കണ്ണിൽനിന്ന് കണ്ണുനീർ ഒഴുകി. ഒരു പുത്രിയുടെ ശ്വാസം നിലയ്ക്കുന്നത് കണ്ട് അവിടുന്ന് കരഞ്ഞു. ഉസ്മാനുബ്നു മള്ഊൻ(റ) മരണപ്പെട്ടപ്പോൾ നബി(സ്വ) കരഞ്ഞിട്ടുണ്ട്. സൂര്യഗ്രഹണം ഉണ്ടായപ്പോഴും ചന്ദ്രഗ്രഹണ സമയത്തെ നമസ്കാരത്തിനിടയിലും കരഞ്ഞിട്ടുണ്ട്. നബിയുടെ മകളായ ഉമ്മു കുൽസൂമി(റ)ന്റെ ഖബ്‌റിന്റെ അടുക്കൽ ഇരുന്ന് നബി(സ്വ) കരഞ്ഞു. രാത്രി നമസ്കാരത്തിൽ പലപ്പോഴും കരയുമായിരുന്നു. ഇബ്നു മസ്ഊദ്(റ) സൂറതുന്നിസാഅ് പാരായണം ചെയ്തപ്പോൾ നബി(സ്വ) കരയുകയുണ്ടായി(ബുഖാരി, മുസ്‌ലിം).

### നബി(സ്വ)യുടെ ഖുത്വുബ

നബി(സ്വ) ജുമുഅ ഖുത്വ്ബ നടത്തുമ്പോൾ കണ്ണുകൾ ചുവക്കും, ശബ്ദമുയരും, ഒരു സൈനിക നേതാവിനെ പോലെ ഗൗരവം വർധിക്കും. ഏതൊരു സന്ദർഭത്തിലും പ്രസംഗത്തിന്റെ ആരംഭത്തിൽ അല്ലാഹുവിനെ സ്തുതിക്കാതിരിക്കുകയില്ല.



അല്ലാഹുവിനെ സ്തുതിച്ചും അവൻ നമുക്ക് ചെയ്ത അനുഗ്രഹങ്ങളെയും സഹായത്തെയും പുകഴ്ത്തിയും അവന്റെ പരിപൂർണ വിശേഷണങ്ങളെയും സ്തുതികളെയും എടുത്തുപറഞ്ഞും ഇസ്‌ലാമിന്റെ നിയമങ്ങളെ പഠിപ്പിച്ചും സ്വർഗനരകങ്ങളെയും മടക്കസ്ഥലത്തെയും ഓർമിപ്പിച്ചും രഹസ്യ-പരസ്യ ജീവിതത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണം എന്ന് ഉപദേശിച്ചും പടച്ചവന്റെ കോപത്തിനിരയാകുന്നതും അവന്റെ തൃപ്തി കരഗതമാകുന്നതുമായ കാര്യങ്ങളെ വ്യക്തമാക്കിയുമായിരുന്നു അവിടുന്ന് പ്രസംഗങ്ങൾ നടത്തിയിരുന്നത്. സന്ദർഭത്തിന് യോജിച്ചും ഗുണകാംക്ഷയോടെയുമായിരുന്നു സംസാരം. മിക്കപ്പോഴും പ്രസംഗം വളരെ ചുരുങ്ങിയതായിരുന്നു. ചില സന്ദർഭങ്ങളിൽ ജനങ്ങളുടെ ആവശ്യം മാനിച്ച് ദീർഘിപ്പിച്ചിരുന്നു (സാദുൽ മആദ് 1/191).

### ഇടപാടുകൾ

നബി(സ്വ) സാധനങ്ങൾ വിറ്റിരുന്നു, വാങ്ങിയിരുന്നു, വാടകയ്ക്ക് എടുത്തിരുന്നു, കൊടുത്തിരുന്നു. മറ്റുള്ളവരുമായി പങ്കുകച്ചവടം നടത്തിയിരുന്നു.

നബി(സ്വ)യുടെ അടുക്കൽ (പ്രവാചക ലബ്ധിക്കും മുമ്പ്) കൂടെ കച്ചവടം ചെയ്തിരുന്ന ഒരാൾ വന്നു. അയാൾ നബിയോട് ചോദിച്ചു: 'അങ്ങേക്ക് എന്നെ മനസ്സിലായോ?' നബി(സ്വ) പറഞ്ഞു: 'താങ്കൾ എന്റെ പങ്കു കച്ചവടക്കാരൻ ആയിരുന്നില്ലേ?' അയാൾ പറഞ്ഞു: 'ഏറ്റവും നല്ല പങ്കുകാരനായിരുന്നു താങ്കൾ. താങ്കൾ മുഖസ്തുതി പറഞ്ഞ് പറ്റിക്കുകയോ തർക്കിക്കുകയോ ചെയ്യുമായിരുന്നില്ല' (അബൂദാവൂദ്).

നബി(സ്വ) സമ്മാനങ്ങൾ നൽകുമായിരുന്നു. സംഭാവന സ്വീകരിക്കുകയും ചെയ്തിരുന്നു. പണയം വെച്ചും (പലിശയില്ലാത്ത ഈട്) പണയം വെക്കാതെയും കടം വാങ്ങിയിരുന്നു, വാടകയ്ക്ക് എടുത്തിരുന്നു, റൊക്കം വിലകൊടുത്തും അവധി പറഞ്ഞും വാങ്ങിയിരുന്നു.

ഒരാൾ കടം നൽകിയാൽ നൽകിയതിനെക്കാൾ ഭംഗിയായ രീതിയിൽ തിരിച്ചു കൊടുക്കുമായിരുന്നു. ശേഷം അവർക്കായി പ്രാർഥിക്കും: 'ബാറകല്ലാഹു ലക ഫീ അഹ്‌ലിക വ മാലിക, ഇന്നമാ ജസാഉ സ്സലഫി അൽഹംദു, വൽഅദാഉ' (അല്ലാഹു താങ്കളുടെ സമ്പത്തിലും കുടുംബത്തിലും ഐശ്വര്യം വർഷിക്കട്ടെ. കടം നൽകിയതിനുള്ള പ്രത്യുപകാരം അതിനെ വീട്ടിലും പ്രശംസിക്കലുമാണ്' (നസാഈ).

നബി(സ്വ) കുറച്ചു സ്ഥലം വക്ഫ് ചെയ്തു. അല്ലാഹുവിന്റെ മാർഗത്തിൽ അതിനെ സ്വദഖയായി നിശ്ചയിച്ചു. നബി(സ്വ) മറ്റുള്ളവർക്കായി ശിപാർശ ചെയ്തിരുന്നു. ശിപാർശ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. ബരീറ(റ)യെ മുഈസ്(റ) മൊഴി ചൊല്ലിയപ്പോൾ മടക്കിയെടുക്കാനുള്ള നബി(സ്വ)യുടെ ശിപാർശ അവർ നിരസിച്ചു. എന്നിട്ടും നബി(സ്വ) അവരോട് കോപിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തില്ല. ഇതാണ് ഉദാത്ത മാതൃക.

നബി(സ്വ) തമാശ പറയുമായിരുന്നു. അവിടുത്തെ തമാശയിൽ സത്യമുണ്ടായിരുന്നു. നബി(സ്വ) മത്സരങ്ങളിൽ പങ്കെടുത്തിരുന്നു. സ്വന്തം കരംകൊണ്ട് ചെരിപ്പ് തുന്നിയിരുന്നു. വസ്ത്രം സ്വന്തമായി കഴുകുകയും കീറിയ ഭാഗം കണ്ടം വെച്ച് തുന്നുകയും ആടിനെ കറക്കുകയും കുടുംബക്കാർക്ക് സേവനം ചെയ്യുകയും പള്ളി നിർമാണത്തിന് ജനങ്ങളോടൊപ്പം ഇഷ്ടിക ചുമക്കുകയും ചെയ്യുമായിരുന്നു.

രോഗികളെ സന്ദർശിക്കുകയും ജനാസയിൽ പങ്കെടുക്കുകയും ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുകയും വിധവകളോടും നിർധനരോടും ബലഹീനരോടും അവരുടെ ആവശ്യനിർവഹണത്തിന് ഒപ്പം നടക്കുകയും ചെയ്യുമായിരുന്നു. സ്തുതിഗീതങ്ങൾ കേൾക്കുകയും അതിന് പ്രതിഫലത്തിനായി പ്രാർഥിക്കുകയും ചെയ്യുമായിരുന്നു (സാദുൽമുആദ്1/165).

*(തുടരും)*



ഹന്ന മുഹമ്മദ്

"അല്ലാഹുവിലും അന്ത്യനാളിലും
വിശ്വസിക്കുന്നവൻ നല്ലതു പറയട്ടെ,
അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ"
-നബി (സ്വ)



# സംസാരം നന്നാക്കുക; സ്രഷ്ടാവിന്റെ പ്രീതി നേടുക

ഈ ലോകത്തുള്ള കോടാനുകോടി ജീവജാലങ്ങളിൽനിന്നും അല്ലാഹു മനുഷ്യനെ വ്യതിരിക്തനാക്കിയ കാര്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സംസാരിക്കുവാനുള്ള കഴിവ്. വ്യക്തിബന്ധങ്ങളിലെ അകൽച്ചയെയും അടുപ്പത്തെയും അളക്കുവാനുപകരിക്കുന്ന ഒരു മാധ്യമമാണ് സംസാരം. അങ്ങകലെയുള്ളവരോടും അടുത്തുള്ളവരോടും ജീവിതത്തിൽ ഇന്നേവരെ കാണാത്തവരോടും ഹൃദയബന്ധം സ്ഥാപിക്കുവാൻ സംസാരത്തിലൂടെ കഴിയുന്നു. മനുഷ്യനെ അധഃപതിക്കുവാനും മഹത്ത്വമുള്ളനാക്കുവാനും

സംസാര രീതിക്ക് കഴിയും. എത്ര അറിവുള്ളവനായാലും പണമുള്ളവനായാലും സ്ഥാനമാനങ്ങളുള്ളവനായാലും സംസാര രീതി പ്രധാന ഘടകമാണ്. അതിലൂടെ ബഹുമാനിതരാകുവാനും അപമാനിതരാകുവാനും കഴിയും.

ഇന്ന് കൂടുതലായി കാണപ്പെടുന്ന ബന്ധങ്ങളുടെ ശിഥിലീകരണത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് പരസ്പര ബഹുമാനത്തോടെയും സ്നേഹത്തോടെയും ഗുണകാംക്ഷയോടെയുമുള്ള തുറന്ന സംസാരത്തിന്റെ അഭാവമാണ്.

ഉന്നത ഉദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥരോട് മാന്യമായി സംസാരിച്ചില്ലെങ്കിൽ അതിന്റെ അനന്തരഫലം ആ സ്ഥാപത്തിനു തന്നെ ദോഷകരമായിരിക്കും. വിദ്യാർഥികളെ മാനസികമായ വളർച്ചയിലേക്കെത്തുന്ന വിധം സ്നേഹത്തോടെയും ഗുണകാംക്ഷയോടെയും അവരോട് അധ്യാപകർ സംസാരിച്ചാലേ സമൂഹത്തോട് പ്രതിബദ്ധതയുള്ളൊരു ഭാവി തലമുറയെ വാർത്തെടുക്കുവാൻ സാധിക്കുകയുള്ളൂ. അവരുടെ വ്യക്തിത്വത്തെ അംഗീകരിക്കാതെയും മാനസികമായി തളർത്തുവിധവും അവരോട് പെരുമാറിയാൽ അവർ വഴിപിഴച്ചുപോകുവാനാണ് സാധ്യത. ഏതൊരു മേഖലയിലും ഏതു ബന്ധത്തിലും നല്ല സംസാരത്തിന്റെ അഭാവം ബന്ധങ്ങൾ വഷളാക്കുവാനേ ഉപകരിക്കുകയുള്ളൂ.

തന്റെ സംസാര രീതി നന്നാക്കുക എന്നത് ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണ്. അത് വളരെയേറെ പുണ്യമുള്ള കാര്യവുമാണ്.



ഏറ്റവും നല്ല സംസാര രീതിയാണ് നമ്മെ സൃഷ്ടിച്ച റബ്ബിന്റേത്. മനസ്സിൽ സ്നേഹവും ഭയവും പ്രതീക്ഷയുമെല്ലാം നൽകും വിധം ഉത്തമമായ രീതിയിൽ അവൻ നമ്മോട് അവന്റെ പരിശുദ്ധ ക്വുർആനിലൂടെ സംസാരിക്കുന്നു.

നബി(സ്വ) വളരെയേറെ സൗമ്യമായി സംസാരിക്കുന്ന മഹദ് വ്യക്തിത്വമായിരുന്നു. പ്രവാചകരുടെ ഈ സൗമ്യ ശീലം കൊണ്ടുതന്നെ ഇസ്‌ലാമിലേക്ക് എത്രയോ ആളുകൾ ആകൃഷ്ടരായി കടന്നുവന്നു. പ്രവാചകന്റെ ശിഷ്യഗണങ്ങളെല്ലാം സൗമ്യസ്വഭാവത്തിന്റെയും മാന്യമായ സംസാരരീതിയുടെയും വക്താക്കളായിരുന്നു.

നബി(സ്വ) പറഞ്ഞു: "അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവൻ നല്ലതു പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ" (ബുഖാരി, മുസ്‌ലിം).

നല്ലതല്ലാത്ത സംസാരങ്ങളെല്ലാം ഉപേക്ഷിക്കാൻ നാം ബാധ്യസ്ഥരാണ് എന്നർഥം. അനാവശ്യമായ സംസാരങ്ങളും തമാശകളുമെല്ലാം ഒരു വിശ്വാസി ഉപേക്ഷിക്കണം. ശരിയായതും നല്ലതുമായ വാക്കുപറയൽ നമ്മുടെ കർമങ്ങൾ നന്നാകുവാനും പാപങ്ങൾ പൊറുക്കപ്പെടാനുമുള്ള കാരണവുമായിത്തീരും.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ശരിയായ വാക്കു പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങൾ നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു" (അൽഅഹ്സാബ് 70,71).

ഒരു മുസ്‌ലിം ഏറ്റവും നല്ല വാക്ക് പറയുന്നവനാകണം. അല്ലാഹു പറയുന്നു: "നീ എന്റെ ദാസന്മാരോട് പറയുക; അവർ പറയുന്നത് ഏറ്റ

വും നല്ല വാക്കായിരിക്കണമെന്ന്” (അൽഇസ്റാഅ് 53).

ഒരാൾ സംസാരിക്കുമ്പോൾ ഇടയിൽ കയറി പറയാതിരിക്കാൻ ശ്രദ്ധിക്കണം. അപരന്റെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുക, അതിനുശേഷം മറുപടി പറയുക എന്നത് പ്രവാചകന്റെ രീതിയാണ്.

തന്നോട് തർക്കിക്കാൻ വന്ന വലീദുബ്നു മുഗീറയുടെ സംസാരം പ്രവാചകൻ(സ്വ) സശ്രദ്ധം ശ്രവിച്ചു. അദ്ദേഹം സംസാരം നിർത്തിയപ്പോൾ പ്രവാചകൻ(സ്വ) ചോദിച്ചു: ‘അബൂൽ വലീദ്, താങ്കൾക്ക് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞോ?’ നബി(സ്വ) സ്നേഹത്തോടെയാണ് വലീദുബ്നു മുഗീറയുടെ വിളിപ്പേര് ഉപയോഗിച്ചത്. അദ്ദേഹത്തിന്റെ സംസാരം പൂർത്തിയാകുന്നതുവരെ കാത്തിരിക്കുകയും ചെയ്തു.

തന്നോട് ഒരാൾ സംസാരിക്കുമ്പോൾ അയാൾക്ക് അഭിമുഖമായി തിരിഞ്ഞിരിക്കലാണ് പ്രവാചകന്റെ രീതി. അത് ആദരവിന്റെയും അംഗീകാരത്തിന്റെയും ഭാഗമാണ്. എന്നാൽ ഇന്ന് പലരും ഈ മര്യാദ കാണിക്കുന്നില്ല. പരസ്പരം മുഖത്തുനോക്കി സംസാരിക്കുവാൻ അല്ലെങ്കിൽ കേൾക്കുവാൻ ശ്രമിക്കുന്നില്ല. തന്നോട് സംസാരിക്കുന്നവന്റെ മുന്നിൽ വച്ച് -അയാൾ സംസാരിക്കുമ്പോഴും- മൊബൈൽ ഫോണിൽ നോക്കിയിരിക്കുന്ന സ്വഭാവം ഒട്ടും ശരിയല്ല. ഇത് അപരന് തീരെ ഇഷ്ടപ്പെടുകയില്ല. തന്നെ അവഗണിക്കുന്നതായും അപമാനിക്കുന്നതായും അയാൾ മനസ്സിലാക്കും. അത് ബന്ധത്തെ വഷളാക്കുമെന്നതിൽ തർക്കമില്ല.

‘ഒരു കാരക്കച്ചീളുകൊണ്ടെങ്കിലും നിങ്ങൾ നരകത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുക. അത് ലഭ്യമല്ലാത്തവൻ ഒരു നല്ല വാക്കുകൊണ്ടെങ്കിലും’ എന്ന നബി വചനം ഏറെ ചിന്തനീയമാണ്.

മാതാപിതാക്കളോട് സൗമ്യമായും ബഹുമാനത്തോടെയും സംസാരിക്കുക, ഇണകളെ സ്നേഹത്തോടെ അഭിസംബോധന ചെയ്യുക, കുഞ്ഞുങ്ങളോട് വാത്സല്യത്തോടെയും മുതിർന്നവരോട് ആദരവോടെയും സംസാരിക്കുക.

ആളുകൾക്ക് പറയുന്നത് വ്യക്തമാകുന്ന രീതിയിൽ കാമ്പുള്ള സംസാരമായിരിക്കണം നമ്മിൽ നിന്നും ഉണ്ടാവേണ്ടത്. പ്രവാചകൻ അങ്ങനെയായിരുന്നു.

ആഇശ(റ) പറയുന്നത് നോക്കൂ: “മുറിച്ചു മുറിച്ചുള്ള സംസാരമായിരുന്നു പ്രവാചകന്റേത്. കേൾക്കുന്ന ആർക്കും അത് മനസ്സിലാകുമായിരുന്നു.”

കേട്ടതെല്ലാം പറഞ്ഞുനടക്കൽ സത്യവിശ്വാസിയുടെ സ്വഭാവമല്ല. നബി(സ്വ) പഞ്ഞു: “കേട്ടതു മുഴുവൻ പറയുക എന്നതുതന്നെ മതി ഒരാൾ കളവ് പറയുന്നവരിൽ പെടാൻ.”

ഏറ്റവും നന്നായി സംസാരിക്കുന്ന രീതി സൽസ്വഭാവങ്ങളിൽ പെട്ടതാണ്. സൽസ്വഭാവമുള്ളവരുടെ പദവികൾ മഹനീമായതാണ്. നബി(സ്വ) പറഞ്ഞു:

“നിങ്ങളിൽ ഏറ്റവും മികച്ച സ്വഭാവമുള്ളവനാണ് എനിക്ക് ഏറ്റവും പ്രിയങ്കരൻ. അവനായിരിക്കും അന്ത്യനാളിൽ എന്റെ ഏറ്റവും അടുത്ത് ഇരിപ്പിടം ലഭിക്കുന്നവൻ. അതേസമയം വായാടികളും നാവിട്ടടിക്കുന്നവരും അഹങ്കാരികളുമാണ് നിങ്ങളിൽ എനിക്ക് ഏറ്റവും വെറുപ്പുള്ളവർ. പുനരുത്ഥാന നാളിൽ എന്നിൽനിന്ന് ഏറെ അകലെ സ്ഥാനം ലഭിക്കുന്നവരും അവരായിരിക്കും.”

നല്ല സംസാരം നല്ല സംസ്കാരത്തിന്റെ അടയാളമാണ്. നമ്മുടെ ഓരോ വാക്കും അല്ലാഹു കേൾക്കുന്നുണ്ട്, അവൻ ഏൽപിച്ച മലക്കുകൾ അതെല്ലാം രേഖപ്പെടുത്തിവെക്കുന്നുണ്ട്. ഇക്കാര്യം എപ്പോഴും നാം ഓർക്കുക. ■

തന്നോട് ഒരാൾ സംസാരിക്കുമ്പോൾ അയാൾക്ക് അഭിമുഖമായി തിരിഞ്ഞിരിക്കലാണ് പ്രവാചകന്റെ രീതി. അത് ആദരവിന്റെയും അംഗീകാരത്തിന്റെയും ഭാഗമാണ്. എന്നാൽ ഇന്ന് പലരും ഈ മര്യാദ കാണിക്കുന്നില്ല. പരസ്പരം മുഖത്തുനോക്കി സംസാരിക്കുവാൻ അല്ലെങ്കിൽ കേൾക്കുവാൻ ശ്രമിക്കുന്നില്ല. തന്നോട് സംസാരിക്കുന്നവന്റെ മുന്നിൽ വച്ച് -അയാൾ സംസാരിക്കുമ്പോഴും- മൊബൈൽ ഫോണിൽ നോക്കിയിരിക്കുന്ന സ്വഭാവം ഒട്ടും ശരിയല്ല. ഇത് അപരന് തീരെ ഇഷ്ടപ്പെടുകയില്ല. തന്നെ അവഗണിക്കുന്നതായും അപമാനിക്കുന്നതായും അയാൾ മനസ്സിലാക്കും. അത് ബന്ധത്തെ വഷളാക്കുമെന്നതിൽ തർക്കമില്ല.

റാഷിദ ബിൻത് ഉസ്മാൻ



# മുൻകോപത്തിന്റെ അനന്തരഫലം

(പുനരാഖ്യാനം)

ആ യുവാവ് വളരെ സമർഥനായ വിദ്യാർഥിയായിരുന്നു. എല്ലാ ക്ലാസുകളിലും നല്ല മാർക്കോടെയാണ് വിജയിച്ചിട്ടുള്ളത്. അവന്റെ മാതാവ് അവൻ ചെറിയ കുട്ടിയായിരിക്കെ മരിച്ചുപോയി. അതിനാൽ പിതാവ് മാത്രമാണ് സ്വന്തമെന്ന് പറയാനുള്ളത്. വളരെ ലാളിച്ചും സ്നേഹിച്ചുമാണ് അവന്റെ പിതാവ് അവനെ വളർത്തിയത്.

ഒടുവിൽ അവൻ ഉന്നത ബിരുദം നേടി. അവൻ പഠിക്കുന്ന സ്ഥാപനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയത് അവനായിരുന്നു.

അവന് വാഹനങ്ങളോട് വലിയ താൽപര്യമായിരുന്നു. ഒരുപാട് മാസങ്ങളായി അവൻ ഒരു സ്പോർട്സ് കാർ വാങ്ങുവാൻ പിതാവിനോട് ആവശ്യപ്പെടുവാൻ തുടങ്ങിയിട്ട്. ബിരുദദാന ദിവസം സമ്മാനമായി തനിക്ക് താൻ ആവശ്യപ്പെട്ട കാർ വാങ്ങിത്തരണമെന്ന് അവൻ ആവശ്യപ്പെട്ടു. നോക്കാം എന്ന് മാത്രമായിരുന്നു പിതാവിന്റെ മറുപടി.

അങ്ങനെ ബിരുദദാന ദിവസം ആഗതമായി. അന്നേ ദിവസം തന്റെ പിതാവ് തനിക്ക് ആ കാർ സമ്മാനിക്കുമെന്ന് അവൻ പ്രതീക്ഷിച്ചു. അന്ന് അതിരാവിലെ അവന്റെ പിതാവ് അവനെ തന്റെ അരികിൽ വിളിച്ചു വരുത്തി അവനോട് പറഞ്ഞു:

“മോനേ, നിന്റെ ഉമ്മ മരിച്ച ശേഷം നിന്നെ ബുദ്ധിമുട്ടൊന്നുമറിയാതെ

ഞാൻ വളർത്തി. നീ വളരെ മിടുക്കനായി വളർന്നു. ഇന്ന് നീ ഉന്നത മാർക്ക് വാങ്ങി വിജയിച്ചിരിക്കുന്നു. എനിക്കതിൽ അഭിമാനമുണ്ട്. നിന്നെ ഞാൻ വളരെയേറെ സ്നേഹിക്കുന്നു.”

അദ്ദേഹം തന്റെ മകന് ഭംഗിയായി പൊതിഞ്ഞ ഒരു പെട്ടി സമ്മാനിച്ചു. ആകാംക്ഷയോടെയും അതിലുപരി അൽപം ആശങ്കയോടെയും കൂടി മകൻ ആ പെട്ടി തുറന്നു. അതിൽ അവൻ കണ്ടത് ഒരു പുതിയ ഖുർആൻ കോപ്പിയായിരുന്നു. വളരെയധികം ദേഷ്യത്തോടെ ശബ്ദമുയർത്തിക്കൊണ്ട് അവൻ ചോദിച്ചു:

“ഇതാണോ നിങ്ങൾ എനിക്ക് വാങ്ങിയ സമ്മാനം? എത്ര നാളായി ഞാൻ ഒരു സ്പോർട്സ് കാർ വാങ്ങിത്തരാൻ പറയുന്നു. എന്നിട്ട് വാങ്ങിത്തന്നിരിക്കുന്നത് ഒരു ഖുർആൻ മാത്രം.”

ആ വിശുദ്ധ ഗ്രന്ഥം അവിടെ ഉപേക്ഷിച്ചുകൊണ്ട് ഒരു കൊടുങ്കാറ്റുപോലെ അവൻ വീട്ടിൽനിന്നും ഇറങ്ങിപ്പോയി. ‘മോനേ, നിൽക്ക്. ഞാൻ പറയുന്നതൊന്ന് കേൾക്കൂ’ എന്ന് പിതാവ് ഉറക്കെ വിളിച്ചു പറഞ്ഞെങ്കിലും അവൻ അതൊന്നും കേട്ടില്ല.

അതിനു ശേഷം വർഷങ്ങൾ കുറെ കഴിഞ്ഞു. അവൻ വീട്ടിലേക്ക് തിരിച്ചുവന്നില്ല. പിതാവുമായി ബന്ധപ്പെടാൻ ശ്രമിച്ചതുമില്ല.

അവൻ മറ്റൊരു നാട്ടിൽ കച്ചവടത്തിലേർപെട്ട് വലിയ സമ്പന്നനായി മാറി. കൊട്ടാര സമാനമായ വീട് പണിതു. ആ നാട്ടിൽനിന്നുതന്നെ വിവാഹം കഴിച്ചു. അങ്ങെന ഭാര്യയോടും മക്കളോടുമൊന്നിച്ച് സുഖമായി താമസിച്ചുവരുന്നതിനിടയിലാണ് പിതാവിനെ കാണണമെന്ന ആഗ്രഹം അവന്റെ മനസ്സിലുദിച്ചത്. ഇപ്പോൾ വയസ്സായിട്ടുണ്ടാകും; ജീവിച്ചിരിപ്പുണ്ടോ എന്ന് പോലും താൻ ഇതുവരെ അന്വേഷിച്ചില്ലല്ലോ. വളരെയേറെ തന്നെ സ്നേഹിച്ച പിതാവിനോട് താൻ ചെയ്തത് വലിയ അക്രമം തന്നെയാണ്. അന്ന്, വീടുവിട്ട ശേഷം ആദ്യമായി അവൻ പിതാവിനെ ഓർത്ത് കരഞ്ഞു.

മകൻ പോയ ശേഷം അയാൾ ദുഃഖിതനായാണ് കഴിഞ്ഞുകൂടിയത്. വർഷങ്ങൾക്ക് ശേഷം അയാൾ മകനെക്കുറിച്ച് അന്വേഷിക്കുകയും അവൻ കുടുംബ സമേതം എവിടെയാണ് താമസിക്കുന്നതെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. എന്നാൽ പിണങ്ങിപ്പോയ മകൻ തന്നെ കാണുവാൻ വരുമോ എന്ന് നോക്കട്ടെ എന്ന ചിന്തയാൽ അവനെ പോയി കണ്ടില്ല.

എത്രയും പെട്ടെന്ന് പിതാവിന്റെ അടുത്ത് ചെന്നെത്തണം എന്നായി അവന്റെ ചിന്ത. അങ്ങനെ നാട്ടിലേക്ക് പോകുവാനുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിനിടെയാണ് പിതാവിന്റെ മരണവാർത്ത അയാളെ തേടിയെത്തിയത്.

അയാൾ വർധിച്ച സങ്കടത്തോടെ നാട്ടിലേക്ക് പുറപ്പെട്ടു. പിതാവിന്റെ ശരീരം മറവു ചെയ്തു കഴിഞ്ഞ ശേഷമാണ് അയാൾ വീട്ടിലെത്തിയത്. ജനിച്ചു വളർന്ന വീട്ടിലെത്തിയപ്പോൾ അയാൾക്ക് വല്ലാത്ത കുറ്റബോധവും സങ്കടവും തോന്നി. തന്റെ പിതാവിന്റെ പ്രധാനപ്പെട്ട രേഖകൾ തിരയുന്നതിനിടയിൽ അയാൾ വർഷങ്ങൾക്ക് മുമ്പ് താൻ ഉപേക്ഷിച്ചുപോയ, പിതാവ് സമ്മാനിച്ച ആ ഖുർആൻ കണ്ടെത്തി. അയാൾ കണ്ണീരോടെ ഖുർആൻ തുറന്ന് പേജുകൾ മറിച്ചു. വരികൾ വായിക്കുന്നിനിടയിൽ ഒരു കാറിന്റെ താക്കോൽ താഴെ വീണു. പണ്ട് അയാൾ ആഗ്രഹിച്ച ആ കാറിന്റെ ഡീലറുടെ പേരെഴുതിയ ഒരു ടാഗും അതിനൊപ്പമുണ്ടായിരുന്നു. ടാഗിലെ തീയതി അയാളുടെ ബിരുദദാന ദിവസത്തിന്റെ തീയതിയായിരുന്നു.

അന്ന് സമ്മാനിച്ചത് വെറും ഖുർആനായിരുന്നില്ല; താൻ ഇഷ്ടപ്പെട്ട കാറും ഉണ്ടായിരുന്നു. തന്റെ മുൻകോപം മൂലം സത്യം മനസ്സിലാക്കുവാൻ താൻ തയ്യാറായില്ല. അവൻ ആ താക്കോൽ കയ്യിൽ പിടിച്ച് പൊട്ടിക്കരഞ്ഞു. ■

റോഷൻ പുനലൂർ
: 85906 13225

# നിരീശ്വരന്മാരുടെ ദൈവവും ഇസ്‌ലാമും



നിരീശ്വരവാദത്തിന് ഒരു പ്രാചീനമായ  ചരിത്രമുണ്ട്. ഭൗതികവാദപരമായി ചിന്തിക്കുന്ന ഒരുപക്ഷം സാമൂഹിക ചിന്തകന്മാർ, പ്രകൃതിയുമായുള്ള മനുഷ്യന്റെ സങ്കീർണബന്ധങ്ങൾ സൃഷ്ടിച്ച ആശയക്കുഴപ്പ ങ്ങളിൽനിന്നാണ് ദൈവസങ്കൽപം ഉണ്ടായതെന്ന് വാദിക്കുന്നു. ഫ്രെഡറിക് എംഗൽസിന്റെ ആന്റി-ഡൂറിങ് (Anti-Duhring) എന്ന പുസ്തകത്തിൽ ഈ വാദം ഉന്നയിക്കുന്നുണ്ട്. കാലം മുന്നോട്ട് പോകുകയും സമൂഹം വികസിക്കുകയും ചെയ്തപ്പോൾ പ്രകൃതിശക്തികളോടൊപ്പം സാമൂഹികശക്തികളും ഈ പറയുന്ന ദൈവസങ്കൽപത്തിലേക്ക് ചേർക്കപ്പെട്ടുവെന്നും അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ പരാമർശിക്കുന്നുണ്ട്. ഇത്തരം സങ്കൽപങ്ങളോടുള്ള എതിർപ്പുമായി രംഗത്തു വന്നവരാണ് നാസ്തികന്മാർ എന്നാണ് പൊതുവായുള്ള വിശകലനം. പ്രാചീന കാലത്ത് ഇന്ത്യയിലെ ചാർവാകൻ മുതൽ ഗ്രീസിലെ എപിക്യൂറസ്, ഡെമോക്രിറ്റസ് തുടങ്ങിയവരൊക്കെയും ദൈവനിരാകരണവാദത്തിന്റെ വക്താക്കളായിരുന്നു.

എന്നാൽ ആധുനിക കാലത്താകട്ടെ, ജ്ഞാനോദയത്തിന്റെ പശ്ചാത്തലത്തിലാണ് നിരീശ്വരവാദം ശക്തിപ്പെടുന്നത്. അവിടെ മതവും ശാസ്ത്രവും തമ്മിൽ ഏറ്റുമുട്ടി. കാരണമെന്തെന്നാൽ, അത്രത്തോളം കർക്കശമായ മതാധിപത്യം അന്ന് യൂറോപ്പിനെ വരിഞ്ഞുമുറുക്കിയിരുന്നു. ചർച്ച് പറയുന്നതിനെതിരായി പ്രവർത്തിക്കുവാനോ ചിന്തിക്കുവാനോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.

കെപ്ലറുടെയും ടൈക്കോബ്രാഹെയുടെയുമൊക്കെ ചരിത്രം നമ്മൾ കേ

ട്ടിട്ടുണ്ട്. സത്യം പറഞ്ഞതിന്റെ പേരിൽ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത ശാസ്ത്രജ്ഞരാണിവർ. ചിലരെ ചുട്ടെരിച്ചു കൊന്നു. ഗലീലിയോയെപ്പോലുള്ളവർ ജീവിതാവസാനംവരെ വീട്ടുതടങ്കലിലുമായി.

മതവും സ്വതന്ത്രചിന്തയും തമ്മിലുള്ള ഈ ഏറ്റുമുട്ടലിന്റെ പശ്ചാത്തലത്തിലാണ് ആധുനിക ഹ്യൂമനിസം വളർച്ച പ്രാപിച്ചത്. സ്വാഭാവികമായും അതൊരു സെക്യുലർ-ലിബറൽ ഹ്യൂമനിസമായി മാറി. ശാസ്ത്രത്തോട് കൂടുതൽ ചേർന്നുനിന്ന ആധുനിക ഹ്യൂമനിസം ആദ്യം ക്രൈസ്തവാധിപത്യത്തെയാണ് ചോദ്യം ചെയ്തത്. പിന്നീടത് ക്രൈസ്തവ തത്ത്വങ്ങൾക്കും വിശ്വാസത്തിനുമെതിരെയുള്ള എതിർപ്പുകളായി മാറി. വൈകാതെ അത് മതത്തെയും മത ത്ത്വങ്ങളെയും നിരാകരിക്കുന്ന നിരീശ്വരവാദമായി ത്തീർന്നു.

ഈ നിരീശ്വരവാദം തന്നെ നാല് തരത്തിലുണ്ട്. തനി ദ്രവ്യവാദികളാണ് അതിൽ ഒന്നാമത്തെ വിഭാഗം. എംപിരിക്കൽ അല്ലാത്ത ജ്ഞാനത്തോട് അവർ പൂർണമായും അകലം പാലിച്ചു. സെൻസറി എക്സ്പീരിയൻസ് ഇല്ലാത്ത ഒന്നിനെയും അംഗീകരിക്കാത്ത ഒരു നിലപാടാണത്. യാന്ത്രിക ഭൗതികവാദം എന്ന് മാർക്സ് വിശേഷിപ്പിച്ച, ലുദ്വിഗ് ഫൊയർബാഹിന്റെയും മറ്റും ചിന്തകൾ അതിൽപ്പെടുന്നു. ഒപ്പം മാർക്സും വൈരുധ്യാത്മക ഭൗതികവാദവും ഇതേപക്ഷത്ത് തന്നെയാണ് നിൽക്കുക എന്നും മനസ്സിലാക്കേ ണ്ടതാണ്.

എഗ്നോസ്റ്റിക് എതീസ്റ്റുകളാണ് രണ്ടാമത്തെ വിഭാഗം. തോമസ് ഹക്സ്ലിയും മറ്റും ഇതിന്റെ വക്താക്കളാണ്. 'ദൈവം എന്ന ആശയത്തിന് തൃപ്തികരമായ തെളിവുകളൊന്നും ലഭ്യമല്ല, എന്നാൽ അതിനെ തള്ളിക്കളയാനും പറ്റില്ല' എന്നതാണ് ഇവരുടെ വീക്ഷണം.

മൂന്നാമത്തെത് ഇതിൽനിന്നും ഉൽഭവിച്ച ഒരുതരം 'ആത്മീയ നിരീശ്വരവാദ'മാണ്. അത് പാൻതീയിസം ('പ്രകൃതിതത്ത്വവാദം' 'അഥവാ പ്രകൃതിദൈവവാദം') എന്ന പേരിൽ അറിയപ്പെടുന്നു. പ്രകൃതിയും അതിലെ പ്രതിഭാസങ്ങളുമല്ലാതെ വേറെ ദൈവമില്ല എന്ന വാദമാണത്.

നാലാമത്തെ വിഭാഗത്തെ നിരാകരണവാദികൾ എന്ന് വിളിക്കുന്നു. അവർ മതത്തെയും മതതത്ത്വങ്ങളെയും ദൈവത്തെയുമെല്ലാം തള്ളിക്കളഞ്ഞു. എന്നാൽ അത് ദ്രവ്യവാദികളുടെത് പോലെയായിരുന്നില്ല. മതത്തോടും മതാധിപത്യത്തോടും പൊരുതിക്കൊണ്ട് സ്വാതന്ത്ര്യത്തെയും സ്വതന്ത്രചിന്തയെയും സ്ഥാപിക്കാൻ ശ്രമിച്ചവരാണവർ.

തനിക്കായി മനുഷ്യൻ സ്വയം തന്നെ നിർമിച്ച പ്രതിദ്വന്ദ്വമാണ് ദൈവം എന്ന നിരീക്ഷണമാണ് ഫൊയർബാഹ് നടത്തുന്നത്. അതായത്, തന്റെ തന്നെ പ്രതിപക്ഷസ്ഥാനി. ഒപ്പം പരിമിതികളെ അതിജയിക്കാനുള്ള മനുഷ്യന്റെ അഭിലാഷവും കൂടിയാണത്. 'മനുഷ്യന്റെ മോഹങ്ങളും കാമനകളും ഭാവനകളായി മാറി ദൈവത്തിൽ അത് ഗുണങ്ങളായി ആരോപിക്കുകയുമാണ് ചെയ്യുന്നത്. മനുഷ്യൻ അപൂർണനാണ്, ദൈവം പൂർണതയുള്ളവനും. പല കാര്യങ്ങളിലും മനുഷ്യൻ അശക്തനായിരിക്കെ, ദൈവം സർവശക്തനാണ്. മനുഷ്യന്റെ ജ്ഞാനത്തിന് പരിമിതികളുണ്ട്, എന്നാൽ ദൈവം സർവജ്ഞനാണ്.' ദൈവം എന്ന ആശയത്തിന്റെ ഉൽപത്തിയെ ഫൊയർബാഹ് ഇപ്രകാരമാണ് വിശദീകരിക്കുന്നത്.

A Contribution to the Critique of Hegel's Philosophy of Rights എന്ന ഗ്രന്ഥത്തിലാണ് കാൾ മാർക്സ് മതത്തെ Opium of the Masses (മനുഷ്യസമൂഹത്തെ മയക്കുന്ന കറുപ്പാണ് മതം) എന്ന് വിശേഷിപ്പിച്ചത്. ചരിത്രപരമായും സാമൂഹ്യമായും മതത്തിന്റെ സ്ഥാനത്തെ അടയാളപ്പെടുത്താനും അദ്ദേഹമതിൽ മുതിരുന്നുണ്ട്. ഫൊയർബാഹിന്റെ യാന്ത്രിക ഭൗതികവാദമല്ല മാർക്സിന്റേത്. 'മർദിത ജനതയുടെ നിശ്വാസമാണ് മതം. ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണത്; ഉന്മേഷരഹിത സാഹചര്യങ്ങളിലെ ലഹരിയും. മതം എന്നാൽ മനുഷ്യന്റെ ഓപ്പിയം ആണ്. ലഹരിവസ്തു എന്നതോടൊപ്പം വേദനസംഹാരി കൂടിയാണ് ഓപ്പിയം' എന്നൊക്കെയാണ് മതത്തെക്കുറിച്ച് മാർക്സ് നിരീക്ഷിച്ചിട്ടുള്ളത്. അങ്ങനെ ചിന്തിക്കുമ്പോൾ കുറേക്കൂടി ക്രിയാത്മകമാണ് മാർക്സിന്റെ സമീപനം. സാമൂഹ്യബോധത്തിന്റെയും പ്രതിഷേധത്തിന്റെയും ആവിഷ്കാരമായി മതത്തെ കാണുന്നുണ്ടെങ്കിലും ഒളിച്ചോട്ടമാണ് ഈ പ്രതിഷേധത്തിന്റെ സ്വഭാവം എന്നും അദ്ദേഹം വിലയിരുത്തുന്നുണ്ട്. ഇനിയും സ്വയം കണ്ടെത്താത്ത വനോ കണ്ടെത്തിയിട്ടും സ്വയം നഷ്ടപ്പെട്ടവനോ ആയ മനുഷ്യന്റെ ആത്മബോധവും ആത്മസംവേദനവുമാ ണ് മതമെന്നും തലകുത്തിനിർത്തപ്പെട്ട ലോകബോധമാണതെന്നും അദ്ദേഹം വിലയിരുത്തുന്നു.

എന്നാൽ, മനുഷ്യൻ എന്തായിട്ടാണോ ഭൂമിയിൽ നിലകൊള്ളേ

ണ്ടത്, അതിലേക്ക് അവനെ പരിവർത്തിപ്പിക്കലാണ് മതം എന്ന് അലി ഇസ്സത് ബെഗോവിച് പറയുന്നു. എന്നുപറഞ്ഞാൽ ഭൗതികവും മാനസികവുമായ സന്തുലിതത്വമുള്ള മനുഷ്യനെ സൃഷ്ടിക്കലാണ് ഇസ്‌ലാം. ഇതൊരു തിരിച്ചറിവ് അഥവാ അന്തഃപ്രജ്ഞ ആണ്. അന്തഃപ്രജ്ഞയെ (Intuition) നിരാകരിക്കുമ്പോഴാണ് അനുഭവമാത്രവാദം ഉണ്ടാകുന്നത്. എന്നാൽ Intuition ആയാണ് വെളിപാടുകൾ നിലനിൽക്കുന്നത്. ഇതിനെ യുക്തിഭദ്രമായി വിവരിക്കുന്നുണ്ട് ദെകാർത്ത്. ഒരർഥത്തിൽ യുക്തിവാദം എന്നത് ഇന്റ്യൂഷനെ നിരാകരിക്കലാണല്ലോ. തത്ത്വശാസ്ത്രത്തിൽ യുക്തിവാദത്തിന്റെ ആചാര്യനായ ദെകാർത്ത് ആകട്ടെ, അന്തഃപ്രജ്ഞയെ വിശദീകരിക്കുകയാണ് ചെയ്യുന്നത്. വെളിപാടുകളെയും അദ്ദേഹം യുക്തിബോധത്തോടെ സമർഥിക്കുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അവബോധത്തെപ്പോലും ഇങ്ങനെയാണ് ദെകാർത്ത് കാണുന്നത്. 'മനുഷ്യനിൽ ധാർമിക ചിന്തകൾ ഉൽഭവിക്കുന്നത് എവിടെനിന്നാണ്? അതൊരിക്കലും തന്നെ ശാസ്ത്രത്തിൽ നിന്നാവാൻ സാധ്യതയില്ല. അത് മനുഷ്യന്റെ വികാസത്തിൽനിന്നുണ്ടാകുന്നതാണ്. മനുഷ്യചരിത്രം എന്നത് അത്ര എളുപ്പത്തിൽ വായിക്കാൻ പറ്റുന്ന ഒരു സംഗതിയല്ല. അത് വളരെ സങ്കീർണമാണ്. അതുകൊണ്ടു തന്നെ അതിനെ ശരിയായി മനസ്സിലാക്കിക്കഴിഞ്ഞാൽ നമ്മൾ കാണേണ്ടത് ധാർമികത എന്നത് Intuitionമായി ബന്ധമുള്ളതാണെന്നാണ്.'

അവർ മനുഷ്യന്റെ സഹജ പ്രകൃതിയെ സംബന്ധിച്ച് പറയുന്നുണ്ട്. ഈ സഹജ പ്രകൃതിയെയാണ് വിശുദ്ധ ഖുർആൻ ഫിത്വ്റഃ എന്നടയാളപ്പെടുത്തുന്നത്. ഫിത്വ്റയുമായി ബന്ധപ്പെടുത്തുമ്പോൾ ധാർമികാവബോധം മനുഷ്യനിൽ സ്വാത്മപ്രചോദിതമായി നിലകൊള്ളുന്ന ഒന്നാണെന്ന് വരും. ധർമാധർമവിവേചനബോധം മനുഷ്യനിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ഖുർആൻ അതു സംബന്ധമായി പറയുന്നു. ഓരോ മനുഷ്യനും അവന്റെ യുക്തിയിൽ തന്നെയുള്ള ഘടകമാണ് ഈ വിവേചനബോധം. ഇതിൽനിന്നാണ് ധാർമികത ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ ധാർമിക ബോധം എന്നുപറഞ്ഞാൽ മനുഷ്യന്റെ എംപിരിക്കൽ ആയ ജ്ഞാനത്തിൽനിന്ന് കിട്ടുന്നതല്ല. അത് Intutionൽ നിന്ന് കിട്ടുന്നതാണ്. സ്വാഭാവിക മായും അതിലൂടെ മാത്രമെ മനുഷ്യന്റെ അതിജീവനം സാധ്യമാവുകയുള്ളൂ, ഒപ്പം വിമോചനവും. ആത്യന്തികമായി ശാസ്ത്രത്തിന്റെ ലക്ഷ്യം സത്യാന്വേഷണമല്ല. സത്യത്തെക്കാൾ അതിജീവനവുമായാണ് അതിന് ബന്ധം.

ഇസ്‌ലാമിന്റെ തിയോളജി, ഒറ്റവാക്കിൽ തൗഹീദ് ആണ്. ഇതിന് വിരുദ്ധമായ ദൈവശാസ്ത്രത്തെയാണ് ഖുർആൻ ശിർക്ക് എന്ന് വിശേഷിപ്പിക്കുന്നത്. ശിർക്കിനെ ഖുർആൻ ദ്വുൽമ് എന്ന് വിശേഷിപ്പിക്കുന്നുണ്ട്. അക്രമം എന്നും അനീതി എന്നും അർഥമുള്ള പദമാണത്. സ്വാഭാവികമായും തൗഹീദ് എന്നാൽ നീതിയാണ്. ഇതാണ് ഇസ്‌ലാമിന്റെ എതിക്സിന്റെ പ്രധാന അടിസ്ഥാനം. യുക്തിയെയും ബുദ്ധിയെയും പാടെ നിരാകരിക്കുന്ന മതമല്ല ഇസ്‌ലാം. എന്നാൽ മതസംബന്ധിയായ കാര്യങ്ങളിൽ പ്രമാണങ്ങളാണ് ആത്യന്തിക അവലംബം. എല്ലാ കാര്യങ്ങളിലും മധ്യമ നിലപാടാണ് ഇസ്‌ലാമിനുള്ളത്. ■



> അശ്അരികൾ കലാമിന്റെ ആളുകളാണെന്നും കലാമിന്റെ ആളുകൾ അഹ്‌ലുൽ ബിദ്അത്തിന്റെ ഗണത്തിലാണെന്നും മദ്ഹബിന്റെ പ്രഗത്ഭരായ പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ ആശയങ്ങൾ അഹ്‌ലുസ്സുന്നയുടെ അടിസ്ഥാനങ്ങൾക്ക് എതിരായതാണ്. ഇതിനാലാണ് പണ്ഡിതന്മാർ ഇവരെ അഹ്‌ലുൽ ബിദ്അത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയത്.

ഈയിടെ തബ്‌ലീഗ് ജമാഅത്തിന്റെ വികലവും വിചിത്രവുമായ വാദങ്ങളും ശിർക്കൻ മുഖംമൂടിയും 'പ്രൂഫ് പോയിന്റ്' ചർച്ചയിൽ സലഫികൾ അനാവരണം ചെയ്യുകയുണ്ടായി. അതോടെ ചില തബ്‌ലീഗ് സുഹൃത്തുക്കൾ അവരുടെ പിഴച്ച ആദർശത്തെ എന്ത് വില കൊടുത്തും സംരക്ഷിക്കുവാനുള്ള ശ്രമത്തിലാണ്. അതിനായി ചെരുപ്പിനൊത്ത് കാൽ മുറിക്കുകയാണ് അവർ ചെയ്തു കൊണ്ടിരിക്കുന്നത്.

ദയൂബന്ദീ ഉലമാക്കൾ അഖീദയെന്നോണം അശ്അരിയത്തും മാതുരീദിയത്തും

മുഹമ്മദ് ജാസിൽ ജാഫർ
ജാമിഅ അൽഹിന്ദ്



# അശ്അരികൾ അഹ്‌ലുസ്സുന്നക്ക് അകത്തോ പുറത്തോ?

സലഫിയ്യത്തും പഠിപ്പിക്കുന്നു എന്നാണ് ഇവർ പറയുന്നത്. അതിനെ ആധാരമാക്കി ഈ മൂന്ന് വിശ്വാസധാരകളും അഹ്‌ലുസ്സുന്നയുടെ അകത്താണെന്നാണ് ഇവർ പറഞ്ഞുവെക്കുന്നത്. അതിനാൽ എന്താണ് അശ്അരിയ്യത്ത് എന്നും എന്താണ് അതിനെക്കുറിച്ച് അഹ്‌ലുസ്സുന്നയിലെ പ്രഗത്ഭരായ പണ്ഡിതന്മാരുടെ വീക്ഷണമെന്നും നമുക്കൊന്ന് അന്വേഷിക്കാം.

**എന്താണ് അശ്അരിയ്യത്ത്?**

അലിയ്യ് ബിൻ ഇസ്മാഈൽ ബിൻ അബീ ബിശ്ർ അൽഅശ്അരി അൽബസ്വരി എന്ന വ്യക്തിയിലേക്ക് ചേർത്താണ് അശ്അരിയ്യത്ത് എന്ന് അറിയപ്പെടുന്നത്.

പ്രസിദ്ധ ചരിത്രകാരനായ ഇമാം മക്‌രീസി(റഹി) പറയുന്നു: "ജുബ്ബാഇയിൽനിന്ന് ഇഅ്തിസാൽ വീക്ഷണം സ്വീകരിക്കുകയും പിന്നീട് അത് പിഴച്ചതാണെന്ന് ബോധ്യപ്പെടുകയും ഒഴിവാക്കുകയും ചെയ്യുന്നു. തുടർന്ന് അബ്ദുല്ലാഹ് ഇബ്നു കുല്ലാബിന്റെ പാത സ്വീകരിക്കുന്നു. സ്വിഫാത്തിലും ഖദ്റിലും അദ്ദേഹം സ്വീകരിച്ച വിശ്വാസം അംഗീകരിക്കുന്നു. ശേഷക്കാരായ ആളുകൾ അബുൽ ഹസൻ അൽഅശ്അരിയെ അവലംബമാക്കുകയും അങ്ങനെ അശ്അരിയ്യത്ത് ഇറാഖിലും പിന്നീട് ശാമിലും പ്രചുരപ്രചാരം നേടുകയും ചെയ്തു. രാജാവായ ബനൂ അയ്യൂബ് ആളുകളെ നിർബന്ധപൂർവം അശ്അരിയ്യത്തിലേക്ക് പ്രേരിപ്പിക്കുന്നു. അങ്ങനെ ഇസ്‌ലാമിക പട്ടണങ്ങളിലേക്ക് എത്തപ്പെടുന്നു. ഹിജ്റ 324ന് അബുൽ ഹസൻ അൽഅശ്അരി മരണപ്പെടുന്നു."

അശ്അരികൾ അല്ലാഹുവിന്റെ സ്വിഫാത്തുകളിൽ ഏഴെണ്ണം മാത്രം അംഗീകരിക്കുകയും ബാക്കിയെല്ലാം നിഷേധിക്കുകയും ചെയ്യുന്നു. ബുദ്ധിയെയാണ് അവർ അതിന്ന് ആസ്പദമാക്കുന്നത്. അശ്അരികളുടെ പ്രധാനപ്പെട്ട പണ്ഡിതന്മാർ ബാകില്ലാനി, ജുവൈനി, ഈജി, റാസി എന്നിവരാണ്.

എന്താണ് അഹ്‌ലുസ്സുന്നയിലെ പ്രഗത്ഭരായ പണ്ഡിതന്മാർ അശ്അരിയ്യത്തിനോട് വെച്ചുപുലർത്തുന്ന നിലപാടെന്ന് പരിശോധിക്കാം.

ഇമാം അഹ്മദ് ബിൻ ഹമ്പൽ: ഹാരിസ് അൽമുഹാസിബി തന്റെ സംസാരത്തിൽ ഇൽമുൽ കലാം ചേർത്തപ്പോൾ ഇമാം അഹ്മദ്(റഹി) അദ്ദേഹത്തെ ഒഴിവാക്കുകയുണ്ടായി.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹ്) പറയുന്നു: ഹാരിസുൽ മുഹാസിബി ഇബ്നു കുല്ലാബിലേ ക്ക് ചേർക്കപ്പെടുന്നതുകൊണ്ടാണ് ഇമാം അഹ്മദ് (റഹി) അദ്ദേഹത്തെ ഒഴിവാക്കിയത്. ഇബ്നു കുല്ലാബിൽ നിന്നും അദ്ദേഹത്തിന്റെ അനുയായികളിൽനിന്നും മറ്റുള്ള ആളുകളെ ഇമാം അഹ്മദ് വിലക്കാറുണ്ടാ യിരുന്നു."

ശൈഖുൽ ഇസ്‌ലാം, പണ്ഡിതന്മാരുടെ ഇമാം എന്നിങ്ങനെയുള്ള അപരനാമത്തിൽ പ്രസിദ്ധനായ ഇബ്നു ഖുസൈമ(റഹി) കുല്ലാബിയാക്കളെ നഖശിഖാന്തം എതിർത്തിട്ടുണ്ട്.

അശ്അരികൾ പ്രകടമായ അന്നുമുതൽ തന്നെ പണ്ഡിതന്മാർ അവരുടെ പിഴവുകളെ ചൂണ്ടിക്കാണിക്കുകയും അവർ അഹ്‌ലുസ്സുന്നയുടെ സരണിയിൽനിന്ന് തെറ്റിപ്പോയ അഹ്‌ലുൽ ബിദ്അത്തിന്റെ കൂട്ടത്തിലാണെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇബ്നു തൈമിയ്യ(റഹി)ക്ക് മുമ്പ് അശ്അരികൾ അഹ്‌ലുസ്സുന്നക്ക് പുറത്താണെന്ന് പ്രസ്താവിച്ചവർ:

1) മാലികീ പണ്ഡിതനായ മുഹമ്മദ് ബ്ൻ ഖുവൈസ് മന്ദാദ് അൽമാലികീ. (ഹിജ്റ വർഷം 390ൽ മരണപ്പെട്ടു).

"ഇമാം മാലികിന്റെ അടുത്തും നമ്മുടെ മദ്ഹബിലെ ഉലമാക്കളുടെ അടുത്തും ദേഹേച്ഛയുടെ ആളെന്നു പറഞ്ഞാൽ കലാമിന്റെ ആളുകളാണ് (ഇൽമുൽ കലാമിന്റെ). കലാമിനെ അവലംബിക്കുന്ന എല്ലാ ആളുകളും ദേഹേച്ഛയുടെയും ബിദ്അത്തിന്റെയും ആളുകളാണ്. അവർ അശ്അരികളോ അല്ലാത്തവരോ ആകട്ടെ, അവരുടെ സാക്ഷ്യം ഇസ്‌ലാമിൽ പരിഗണനീയമല്ല."

2) ഇബ്നു ഹസം (ഹിജ്റ വർഷം 401ന് മരണപ്പെട്ടു).

"അശ്അരികൾ ഉണ്ടാക്കിവെച്ചത് പറയുകയാണെങ്കിൽ വായനിറയെ പറയാനുണ്ട്. അവർ പറഞ്ഞു വെച്ചത് നിമിത്തം മുസ്‌ലിംകളുടെ രോമം പോലും വിറകൊള്ളും. അത്രയും ഗുരുതരമായ വാദങ്ങളാണ് ഇസ്‌ലാമിന്റെ പേരിൽ വെച്ചുകെട്ടിയത്. അവർ പറഞ്ഞു: 'ഒരാളുടെ ഇസ്‌ലാമും സ്വീകാര്യമല്ല; അവർ പ്രായപൂർത്തിയായതിന് ശേഷം അല്ലാഹുവിൽ സംശയാലുക്കളാവാതെ!"

അവിശ്വാസത്തിലേക്ക് എത്തിക്കുന്ന, ഇസ്‌ലാമിന്റെ വൃത്തത്തിൽനിന്ന് പുറത്താക്കുന്ന വാക്കാണിതെന്നതിൽ സംശയമില്ല.

*3) ഇമാം ഹറവി(റഹി)* (ഹിജ്റ 481ൽ മരണപ്പെട്ടു).

തന്റെ 'ദമ്മുൽ കലാം' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "അഹ്മദ് ബിൻ നസ്വ്ർ അൽമാലീനിയിൽനിന്ന് ഞാൻ കേട്ടു: 'മിസ്റിലുള്ള അംറുബിൻ ആസ്വ് എന്ന സ്ഥലത്തേക്ക് ഞാനും എന്റെ അനുയായികളും യാത്രപോയി. അവിടെ ഇരുന്നപ്പോൾ ഒരു പണ്ഡിതൻ വരികയും എന്നിട്ട് ഇങ്ങനെ പറയുകയും ചെയ്തു : നിങ്ങൾ ഖുറാസാൻകാരും അഹ്‌ലുസ്സുന്നയുമാണ്. എന്നാൽ ഇത് അശ്അരിയാക്കളുടെ ഇടമാണ് ഇവിടെ. നിങ്ങൾ ഇരിക്കരുത്."

അഹ്‌ലുൽ കലാമിന്റെ മാർഗം സ്വീകരിച്ചു പോരുന്ന പ്രത്യയശാസ്ത്രത്തെ ജനങ്ങൾ ഒഴിവാക്കുകയും വിട്ടുനിൽക്കുകയും ചെയ്തു. അബീ അസ്‌റൂൻ എന്ന അശ്അരീ പണ്ഡിതനിൽനിന്ന് ആളുകൾ അകന്ന് നിന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: 'നിങ്ങൾ എന്തിനാണ് എന്നിൽനിന്ന് വിട്ടുനിൽക്കുന്നത്, എന്നോട് ബന്ധം വിച്ഛേദിക്കുന്നത്?' അപ്പോൾ അവർ പറഞ്ഞു: 'ജനങ്ങൾ പറയുന്നു, നീ അശ്അരിയാണെന്ന്.' അദ്ദേഹം പ്രതികരിച്ചു: 'അല്ലാഹുവാണേ സത്യം, ഞാൻ അശ്അരിയല്ല.'

*4) അബുന്നസ്വ്ർ അബ്ദുല്ലാഹ് അസ്സജ്സി (ഹിജ്റ വർഷം 444).*

"നിങ്ങൾ അറിയുക; അല്ലാഹു നിങ്ങളെയും എന്നെയും നേരായ മാർഗത്തിലേക്ക് നയിക്കട്ടെ. ഉമ്മത്തിന്റെ ഇടയിൽ ഛിദ്രതയും ഭിന്നതയുമുണ്ടായത് ഇബ്നു കുല്ലാബും കലാനിസിയും സ്വാലിഹിയും അശ്അരിയുമൊക്കെ വന്നതോടെയാണ്. പ്രത്യക്ഷത്തിൽ അവർ മുഅ്തസിലി വിഭാഗത്തെ എതിർക്കുന്നുണ്ടെങ്കി ലും പരോക്ഷമായ നിലയ്ക്ക് അവർ മുഅ്തസിലീ വിഭാഗത്തെക്കാളും പിഴച്ച ചിന്താഗതികൾ വെച്ചുപുലർത്തുന്നവരാണ്. മുഅ്തസിലി വിഭാഗം പിഴച്ച വിശ്വാസങ്ങൾ പേറി നടക്കുന്നവരാണെങ്കിലും അഹ്‌ലുസ്സുന്നയിലെ സാധാരണക്കാർക്ക് അശ്അരികൾ ഉണ്ടാക്കുന്ന അത്രപരിക്ക് മുഅ്തസലി വിഭാഗം ഉണ്ടാക്കിയിട്ടില്ല."

*5) ഇബ്നുൽ ജൗസി(റഹി).*

"ജനങ്ങൾ ഭിന്നിപ്പിലായത് അലിയ്യ് ബിൻ ഇസ്മാഈൽ അൽഅശ്അരിയുടെ വരവോടെയാണ്. ആദ്യം മുഅ്തസലിയത്ത് പറഞ്ഞ് നടക്കുകയും പിന്നിട് ക്വുർആൻ കലാമുന്നഫ്സിയാണെന്ന പുതിയ വാദം ഉന്നയിക്കുകയും ചെയ്തു. ഇവരുടെ ഈ വാദം ക്വുർആൻ അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന വാദത്തിന് ബലം നൽകുന്നതാണ്."

ആദ്യത്തെ ചില ഉദ്ധരണികളിലൂടെ തന്നെ അശ്അരികൾ അഹ്‌ലുസ്സുന്നയല്ല എന്നും അഹ്‌ലുൽ ബിദ്അത്തിൽ പെട്ടവരാണെന്നും വ്യക്തമാണ്. അശ്അരികൾ കലാമിന്റെ ആളുകളാണെന്നും കലാമിന്റെ ആളുകൾ അഹ്‌ലുൽ ബിദ്അത്തിന്റെ ഗണത്തിലാണെന്നും മദ്ഹബിന്റെ പ്രഗത്ഭരായ പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ ആശയങ്ങൾ അഹ്‌ലുസ്സുന്നയുടെ അടിസ്ഥാനങ്ങൾക്ക് എതിരായതാണ്. ഇതിനാലാണ് പണ്ഡിതന്മാർ ഇവരെ അഹ്‌ലുൽ ബിദ്അത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയത്. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം 33

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ
وَلَٰكِن رَّسُولَ اللَّهِ وَخَاتَمَ النَّبِيِّينَ ۗ وَكَانَ
اللَّهُ بِكُلِّ شَيْءٍ عَلِيمًا ﴿٤٠﴾
يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللَّهَ ذِكْرًا
كَثِيرًا ﴿٤١﴾
وَسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٤٢﴾
هُوَ الَّذِي يُصَلِّي عَلَيْكُمْ وَمَلَائِكَتُهُ
لِيُخْرِجَكُم مِّنَ الظُّلُمَاتِ إِلَى النُّورِ ۚ
وَكَانَ بِالْمُؤْمِنِينَ رَحِيمًا ﴿٤٣﴾
تَحِيَّتُهُمْ يَوْمَ يَلْقَوْنَهُ سَلَامٌ ۚ وَأَعَدَّ لَهُمْ
أَجْرًا كَرِيمًا ﴿٤٤﴾
يَا أَيُّهَا النَّبِيُّ إِنَّا أَرْسَلْنَاكَ شَاهِدًا
وَمُبَشِّرًا وَنَذِيرًا ﴿٤٥﴾
وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُّنِيرًا ﴿٤٦﴾

40. മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

41. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും,

42. കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ.

43. അവൻ നിങ്ങളുടെ മേൽ കരുണ ചൊരിയുന്നവനാകുന്നു; അവന്റെ മലക്കുകളും (കരുണ കാണിക്കുന്നു). അന്ധകാരങ്ങളിൽനിന്ന് നിങ്ങളെ വെളിച്ചത്തിലേക്ക് ആനയിക്കുന്നതിന് വേണ്ടിയത്രെ അത്. അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു.

44. അവർ അവനെ കണ്ടുമുട്ടുന്ന ദിവസം അവർക്കുള്ള അഭിവാദ്യം സലാം ആയിരിക്കും. അവർക്കവൻ മാന്യമായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്.

45. നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു.

46. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്.

40) (ആയിട്ടില്ല) പ്രവാചകൻ (മുഹമ്മദ് നബി). (നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവ്) അല്ലാഹുവിന്റെ റസൂലുമായുള്ള സൈദ്ബ്നു ഹാരിസയുടെ ബന്ധം റദ്ദാക്കുക എന്നതും ഇതിൽ പെടുന്നു. ഈ നിരോധനം പൊതുവായതും എല്ലാ സാഹചര്യങ്ങൾക്കും ബാധകവുമായതിനാൽ ഇതിന്റെ ബാഹ്യാർഥം പരിഗണിക്കണം. രക്തബന്ധം കൊണ്ടോ ദത്തെടുക്കൽ കൊണ്ടോ ഒരു പുരുഷന്റെയും പിതാവ് നബി(സ്വ) ആകുന്നില്ല എന്നാണ്. എന്നാൽ പ്രവാചകൻ എന്ന നിലയ്ക്ക് നബി (സ്വ) എല്ലാ സത്യവിശ്വാസികളുടെയും പിതാവാണ്; നബി(സ്വ)യുടെ പത്നിമാർ ഉമ്മമാരും. ഈ ആശയം ഇതിന് വിരുദ്ധമല്ല. ഇത് പൊതുനിരോധനത്തിൽ

പെടുന്നില്ല. (പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു) അതായത്, അനുസരിക്കപ്പെടേണ്ടതും പിന്തുടരേണ്ടതുമായ അ ധ്യാപനങ്ങളിലൂടെ ജനങ്ങളെ നയിക്കുന്നതും വിശ്വസിക്കപ്പെടുന്നതുമായ ഒരാളുടെ സ്ഥാനമാണിത്. അദ്ദേഹത്തിൽനി ന്ന് സന്മാർഗം ലഭിക്കുന്നു.

വിശ്വാസി സ്നേഹത്തിൽ അദ്ദേഹത്തിന് മുൻഗണന നൽകുന്നു. മറ്റെല്ലാവരോടുമുള്ള സ്നേഹത്തെക്കാളും വിശ്വാസികളോട് ആത്മാർഥത പുലർത്തുന്നയാളാ ണ് റസൂൽ(സ്വ); അതായത് വിശ്വാസികളോട്. ഗുണകാംക്ഷയിലും പുണ്യത്തിലും വിശ്വാസികൾക്ക് അദ്ദേഹം ഒരു പിതാവാണ്. (അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു) അവന്റെ അറിവ് എല്ലാ കാര്യങ്ങളെയും ഉൾകൊള്ളുന്നതാണ്. അവന്റെ സന്ദേശം ആർക്കാണ് നൽകേണ്ടതെന്നും ആരാണ് അവന്റെ ഔദാര്യം സ്വീകരിക്കാൻ യോഗ്യതയുള്ളവനും അല്ലാത്തവനുമെന്നും അവനറിയും.

(41). അല്ലാഹു സത്യവിശ്വാസികളോട് അവനെ ധാരാളം സ്മരിക്കാനും മഹത്ത്വപ്പെടുത്താനും സ്തുതിക്കാനും പ്രകീർത്തിക്കാനും കൽപിക്കുന്നു; മറ്റു ദിക്റുകൾ ഉരുവിടാനും. അല്ലാഹുവിൽനിന്ന് പ്രതിഫലം ലഭിക്കുന്ന എല്ലാ വാക്കുകളും ചൊല്ലണം. രാവിലെയും വൈകുന്നേരവുമുള്ളതും നമസ്കാരശേഷമുള്ളതും തടസ്സങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോഴുള്ളതുമായ ദിക്റുകൾ പതിവുചര്യയാക്കണം. സർവ സമയങ്ങളിലും എല്ലാ സാഹചര്യങ്ങളിലും ഇത് ശീലിക്കണം. ദൈവസന്നിധിയിലേക്ക് മുന്നേറാനുള്ള ആരാധനകൾ ആശ്വാസംപകരും. അല്ലാഹുവിനെ അറിയാനും സ്നേഹിക്കാനും കഴിയും. നന്മയ്ക്ക് ഉപകരിക്കും. ചീത്ത വാക്കുകൾ സംസാരിക്കുന്നതിനെ തടയും.

(42). (കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുക). രാവിലെയും വൈകുന്നേരവുമുള്ള സമയങ്ങൾക്ക് പ്രത്യേകതകളുണ്ട്, മഹത്ത്വമുണ്ട്. ആ സമയത്ത് അത് ചെയ്യാൻ (ഇബാദത്തുകൾ നിർവഹിക്കാനും ദൈവസ്മരണ നിലനിർത്താനും) എളുപ്പമാണ്.

(43). (അവൻ നിങ്ങളുടെ മേൽ കരുണ ചൊരിയുന്നവനാകുന്നു; അവന്റെ മലക്കുകളും. അന്ധകാരങ്ങളിൽനിന്ന് നിങ്ങളെ വെളിച്ചത്തിലേക്ക് ആനയിക്കുന്നതിന് വേണ്ടിയത്രെ ഇത്. അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു). സത്യവിശ്വാസികളോട് അത്യധികം കരുണയുള്ളവനാണ് അല്ലാഹു. അവൻ അവരോട് കരുണ കാണിച്ചു; മലക്കുകളുടെ പ്രാർഥനയാലും. അജ്ഞതയുടെയും പാപത്തിന്റെയും ഇരുട്ടുകളിൽനിന്ന് അവൻ അവരെ വിശ്വാസത്തിന്റെ പ്രകാശത്തിലേക്ക് എത്തിച്ചു. മാർഗദർശനത്തിന്റെയും അറിവിന്റെയും വെളിച്ചത്തിലേക്ക്. ഇത് അവന്റെ ഏറ്റവും വലിയ അനുഗ്രഹമാണ്. അനുസരിക്കുന്ന അടിമകൾക്ക് അവൻ നൽകുന്ന അനുഗ്രഹം. അതിനാൽ നന്ദി ചെയ്യാൻ, ദിക്റുകൾ വർധിപ്പിക്കാൻ അവരോട് കരുണ കാണിച്ചവനാണവൻ. ഏറ്റവും ശ്രേഷ്ഠരായ മലക്കുകളെയാണ് അവൻ അവന്റെ സിംഹാസനത്തിന്റെ വാഹകരാക്കിയത്. അവർ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുന്നു. സത്യവിശ്വാസികൾക്കു വേണ്ടി അവർ പാപമോചനം തേടിക്കൊണ്ടിരിക്കുന്നു.

“ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരകശിക്ഷയിൽനിന്ന് കാക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കൾ, ഭാര്യമാർ, സന്താനങ്ങൾ എന്നിവരിൽനിന്ന് സദ്വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും. അവരെ നീ തിന്മകളിൽ നിന്ന് കാക്കുകയും ചെയ്യേണമേ. അന്നേദിവസം നീ ഏതൊരാളെ തിന്മയിൽ നിന്ന് കാക്കുന്നുവോ അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അത് തന്നെയാകുന്നു മഹാഭാഗ്യം” (40:7-9).

(44). പരലോകത്ത് അല്ലാഹുവിന്റെ കാരുണ്യം എന്നു പറയുന്നത് അവരുടെ രക്ഷിതാവിന്റെ പ്രീതിയും അഭിവാദ്യവും നേടുക, അവന്റെ മഹത്തായ വാക്കുകൾ ശ്രദ്ധിക്കുക, അവന്റെ സുന്ദരമായ മുഖത്ത് നോക്കുക, മഹത്തായ പ്രതിഫലം നേടുക തുടങ്ങിയവയാണ്. അവനത് നൽകിയവർക്കല്ലാതെ അതിന്റെ പരിധി അറിയുകയി

ല്ല. (അവർ അവനെ കണ്ടുമുട്ടുന്ന ദിവസം അവർക്കുള്ള അഭിവാദ്യം സലാം ആയിരിക്കും) അവർക്കവൻ മാന്യമായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്.

45-46). ഈ പറഞ്ഞ കാര്യങ്ങൾ മുഹമ്മദ് നബി(സ്വ)യെക്കുറിച്ചുള്ള വർണനകളാണ്. അതാവട്ടെ, അദ്ദേഹത്തിന്റെ നിയോഗലക്ഷ്യങ്ങളാണ്, അടിത്തറയുമാണ്. ഇവിടെ പ്രത്യേകമായി പറയുന്നത് അഞ്ചു കാര്യങ്ങളാണ്.

ഒന്ന്, (സാക്ഷിയായും) തന്റെ സമുദായത്തെക്കുറിച്ചും അവർ ചെയ്ത നന്മ-തിന്മകളെക്കുറിച്ചും സാക്ഷ്യപ്പെടുത്താൻ. അല്ലാഹു മറ്റൊരിടത്ത് പറയുന്നു: “നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കാനും വേണ്ടി” (2:143).

“എന്നാൽ ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ നാം കൊണ്ടുവരികയും ഇക്കൂട്ടർക്കെതിരിൽ നിന്നെ നാം സാക്ഷിയായി കൊണ്ടുവരികയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ?”(4:41).

രണ്ടും മൂന്നും: അദ്ദേഹം (സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും) ആക്കിയിരിക്കുന്നു എന്നതാണ്. താക്കീതുകാരനും സന്തോഷവാർത്ത അറിയിക്കുന്നവനും എന്ന് പറയുമ്പോൾ സന്തോഷവും താക്കീതുമായി അറിയിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നും അതിനുണ്ടാകേണ്ട പ്രവർത്തനങ്ങൾ എന്താണെന്നതും പ്രധാനമാണ്.

(സന്തോഷവാർത്ത അറിയിക്കുന്നവൻ) വിശ്വാസികളും സൂക്ഷ്മത പാലിക്കുന്നവരുമാണവർ. സത്യവിശ്വാസത്തെയും സൽക്കർമത്തെയും ഒന്നിപ്പിച്ചവർ, തിന്മകളെ ഉപേക്ഷിച്ചവർ. അവർക്ക് ഇഹലോകത്ത് സന്തോഷവാർത്തയുണ്ട്. മതപരവും ഭൗതികപരവുമായ പ്രതിഫലങ്ങൾ. ഭക്തിയുടെയും വിശ്വാസത്തിന്റെയും ഫലമായി പരലോകത്ത് അവർക്ക് ശാശ്വതമായ സുഖങ്ങളുണ്ട്. ഈ പ്രതിഫലം നേടുന്നതിന് ആവശ്യമായ കർമങ്ങളും പുണ്യങ്ങളും ഏതെന്ന വിശദീകരണം വേണം. ഭക്തിയുടെ കാര്യങ്ങളും വിവിധ പ്രതിഫലങ്ങളെക്കുറിച്ചും വിശദീകരിക്കപ്പെടേണ്ടതുണ്ട്.

(താക്കീത് നൽകുന്നവൻ) അക്രമികളും കുറ്റവാളികളുമാണവർ. അക്രമത്തിന്റെയും അജ്ഞതയുടെയും ആളുകൾ. അക്രമവും അജ്ഞതയും നിമിത്തം അവർക്ക് ലഭിക്കുന്ന ആത്മീയവും ഭൗതികവുമായ ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പും പരലോകത്ത് ലഭിക്കുന്ന നാശവും ശിക്ഷയും. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ക്വുർആനിലും ഹദീസിലും കാണാം.

നാല്: (അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ) അതായത്, ആളുകളെ അവരുടെ രക്ഷിതാവിലേക്ക് വിളിക്കാനും സ്വർഗത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കാനും അവനെ ആരാധിക്കാൻ കൽപിക്കാനും ആ പ്രവാചകനെ അയച്ചു. അതാണവരുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം. അദ്ദേഹം ക്ഷണിക്കുന്ന കാര്യത്തിൽ ശരിയായി നിലകൊള്ളുകയും അവരുടെ രക്ഷിതാവിനെക്കുറിച്ചും അവന്റെ ദൈവിക ഗുണങ്ങളെക്കുറിച്ചും അവരെ പഠിപ്പിച്ചുകൊണ്ട് അവന്റെ മഹത്ത്വത്തിന് യോജിക്കാത്തതിൽനിന്ന് അവനെ പരിശുദ്ധപ്പെടുത്താനും നിർദേശിച്ചു. ആരാധനയുടെ വിവിധ വശങ്ങൾ പറഞ്ഞുകൊടുത്തു. അല്ലാഹുവിലേക്കെത്തുന്ന ഏറ്റവും ഫലപ്രദമായ മാർഗത്തിലൂടെ അല്ലാഹുവിലേക്ക് വിളിക്കുക. അവകാശമുള്ള ഓരോന്നിനും അതിന്റെ അവകാശം നൽകുക. അല്ലാഹുവിലേക്കുള്ള ക്ഷണം ആത്മാർഥമാക്കുക. ധാരാളം ആളുകൾ ചെയ്യുന്നപോലെ തന്നിലേക്കല്ല, ഏതെങ്കിലും തരത്തിലുള്ള ആത്മപ്രശംസക്ക് വേണ്ടിയോ അല്ല. എല്ലാം (അവന്റെ അനുമതി പ്രകാരം) അവന്റെ ഉദ്ദേശ്യവും വിധിയും അനുസരിച്ചാണ് ആ പ്രബോധനം.

അഞ്ച്: (പ്രകാശം പരത്തുന്ന ഒരു വിളക്കും ആയിക്കൊണ്ട്) എല്ലാ ആളുകളും ഇരുട്ടിന്റെ ആഴത്തിലായിരുന്നു. വെളിച്ചമില്ലാതെ ആ ഇരുട്ടിൽ വഴികാട്ടാൻ ഒരു പ്രകാശമുണ്ടായിരുന്നില്ല. ആദരണീയനായ ദൂതൻ വരുന്നതുവരെ വഴി കാണിക്കാൻ ഒരു മാർഗവുമില്ലായിരുന്നു. അദ്ദേഹം ആ ഇരുട്ടിനെ പ്രകാശിപ്പിച്ചു. അറിവില്ലാത്തവർക്ക് അറിവ് നൽകി. വഴി തെറ്റിപ്പോയവരെ നേരായ പാതയിലേക്ക് നയിച്ചു. അങ്ങനെ നേരിൽ നിലകൊള്ളുന്നവർക്ക് വഴി തെളിഞ്ഞു. നന്മയും തിന്മയും അറിയുന്ന ആ നേതാവിന് പിറകെ അവർ നടന്നു. അങ്ങനെ നന്മയും തിന്മയും അവർ മനസ്സിലാക്കി; സൗഭാഗ്യത്തിന്റെയും നിർഭാഗ്യത്തിന്റെയും ആളുകളെയും. അദ്ദേഹത്തിലവർ വെളിച്ചം കണ്ടെത്തി. ആരെയാണ് ആരാധിക്കേണ്ടതെന്ന് അവന്റെ വിശേഷണങ്ങൾ അവർ അറിഞ്ഞു. ശരിയായ പ്രവർത്തനങ്ങളും നേരായ വിധികളും. ■

# ജാമിഅ അൽഹിന്ദ് വാർഷിക സമ്മേളനത്തിന് പ്രൗഢമായ സമാപനം

മലപ്പുറം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ആഭിമുഖ്യത്തിലുള്ള ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ സ്ഥാപനങ്ങളുടെ വാർഷിക സമ്മേളനത്തിന് പാണക്കാട് വനിതാ ക്യാമ്പസിൽ പ്രൗഢമായ സമാപനം. രണ്ട് ദിവസങ്ങളിലായി നടന്ന വാർഷിക സമ്മേളനം നാല് വേദികളിലായി 15 സെഷനു കളായാണ് സംഘടിപ്പിച്ചത്.

സമൂഹത്തിന്റെ ധാർമികവും സാംസ്കാരികവുമായ പുനരുജ്ജീവനത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്ന ആഹ്വാനത്തോടെയാണ് വാർഷിക സമ്മേളനത്തിന് സമാപനം കുറിച്ചത്. സാഹോദര്യവും സഹിഷ്ണുതയും സമൂഹത്തിൽ വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് സമ്മേളനം അഭിപ്രായപ്പെട്ടു.

രണ്ടാം ദിവസത്തെ സമ്മേളനം സുഊദി മതകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി ഡോ. അവ്വാദ് ബിൻ സബ്തി അൽഅനസി ഉദ്ഘാടനം ചെയ്തു. ക്വുർആൻ മുന്നോട്ടുവെക്കുന്ന സമാധാന സന്ദേശങ്ങൾക്ക് വർത്തമാനകാലത്ത് പ്രസക്തി വർധിച്ചുവരികയാണെന്ന് അദ്ദേഹം പറഞ്ഞു. ദിവ്യസന്ദേശങ്ങളുടെ അടിസ്ഥാന തത്ത്വത്തിൽനിന്ന് വ്യതിചലിക്കുമ്പോഴാണ് സമൂഹത്തിൽ ഭിന്നതകളും വഴികേടും രൂപപ്പെടുന്നതെന്ന് അദ്ദേഹം ഓർമപ്പെടുത്തി. മുസ്‌ലിം ലോകത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ നേതൃപരമായ പങ്കും സമാധാന സന്ദേശം പ്രചരിപ്പിക്കുന്നതിലും സുഊദി അറേബ്യ എന്നും നേതൃപരമായ പങ്കുവഹിച്ചിട്ടുണ്ട് എന്നും അദ്ദേഹം പറഞ്ഞു. ഏകദൈവ വിശ്വാസമാണ് ഇസ്‌ലാമിന്റെ അടിത്തറയെന്നും, വിശുദ്ധ ക്വുർആനും പ്രവാചക ചര്യയും പിന്തുടരുമ്പോഴാണ് മുസ്‌ലിം സമൂഹത്തിൽ ഐക്യവും സമാധാനവും രൂപപ്പെടുക യുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സുഊദി അറേബ്യ എംബസിയുമായി സഹകരിച്ച് ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ ക്യാമ്പസ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച വൈജ്ഞാനിക മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ അദ്ദേഹം വിതരണം ചെയ്തു. ഇന്ത്യയിലെ സുഊദി അറേബ്യ എംബസി അറ്റാഷെ ശൈഖ് ബദർ നാസർ അൽഅനസി ചടങ്ങിൽ സംബന്ധിച്ചു.

പൂർവ വിദ്യാർഥി സംഗമത്തിൽ മുഷ്താഖ് അൽഹികമി ആധ്യക്ഷ്യം വഹിച്ചു. അബ്ദുൽ മാലിക് സലഫി, ത്വൽഹത്ത് സ്വലാഹി, സ്വലാഹുദ്ദീൻ അൽഹികമി, അശ്റഫ് അൽഹികമി എന്നിവർ സംസാരിച്ചു. സീനിയർ സിറ്റിസൺ മീറ്റിൽ ഡോ.വി.എം.മുഹമ്മദ് മദനി അധ്യക്ഷനായി. ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി, ഡോ. യൂസുഫ് മദനി, മുഹമ്മദ് ഹനീഫ ഓടക്കൽ, മുഹമ്മദലി ബാഖവി എന്നിവർ പ്രസംഗിച്ചു.

ലീഡേഴ്സ് മീറ്റിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ആധ്യക്ഷ്യം വഹിച്ചു. പി.എൻ.അബ്ദുല്ലത്വീഫ് മദനി, നാസിർ ബാലുശ്ശേരി, ഷമീർ മദീനി, പ്രൊഫ.എം.അബ്ദുല്ല സുല്ലമി, മുജീബ് സ്വലാഹി എന്നിവർ പ്രസംഗിച്ചു.

സമാപന പൊതുസമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസി.പി.എൻ.അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. അബൂബക്കർ സലഫി അധ്യക്ഷനായി. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ മുഖ്യാതിഥിയായി പങ്കെടുത്തു. പി.കെ.കുഞ്ഞാലിക്കുട്ടി എം.എൽ.എ, എ.എ.റഹീം, എം.പി, കെ.പി.സി.സി സെക്രട്ടറി കെ.പി. നൗഷാദലി, ഡി.സി.സി പ്രസി. വി.എസ് ജോയ്, യൂത്ത് കോൺഗ്രസ് മലപ്പുറം ജില്ലാ സെക്രട്ടറി അഡ്വ. കെ.എസ് ദാനിഷ്, പ്രൊഫ. ദിൽ മുഹമ്മദ് സലഫി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ടി.കെ.അശ്റഫ്, ഫൈസൽ മൗലവി, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, സി.പി.സലീം, മുഹമ്മദ് സ്വാദിഖ് മദീനി, ശരീഫ് ഏലാങ്കോട്, പി.എം. ഷാഹുൽ ഹമീദ്, അശ്റഫ് വെൽകം, ഷബീബ് സ്വലാഹി, ഹംസ മദീനി, ശുറൈഹ് സലഫി, സകരിയ്യ മദീനി, റഷീദ് കുട്ടമ്പൂർ, താജുദ്ദീൻ സ്വലാഹി, മുഹമ്മദ് ശമീൽ മഞ്ചേരി എന്നിവർ പ്രസംഗിച്ചു.





Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

കേരളം കണ്ട മികച്ച ധിഷണാശാലികളിൽ ഒരാളാണ്
ഡോ: ഉസ്മാൻ സാഹിബ്.
അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലികയിൽ നിന്ന്
മലയാളികൾക്ക് ലഭിച്ചത് അത്യപൂർവ്വ രചനകളാണ്.
യുക്തിവാദികളും മതപുരോഹിതരും
ആ മഹാന്റെ തൂലികക്കു മുന്നിൽ മുട്ട് മടക്കിയതാണ് ചരിത്രം.
പുതിയ തലമുറക്ക് പഠിക്കാനും പകർത്താനും
നിരവധി കാര്യങ്ങൾ ഉള്ളതിനാൽ,
'സൽസബീലി'ന്റെ പഴയ താളുകളിലുള്ള കനപ്പെട്ട
ലേഖനങ്ങൾ ചെറുകൃതികളാക്കി
പുറത്തിറക്കിയിരിക്കുന്നു.










WISDOM BOOKS

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road,
Chalappuram, Kozhikode 673 002.
Mob: **+91 7356766478**




www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
18 January 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

## 11 2025 മെയ്
## പെരിന്തൽമണ്ണ

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents